# കേരള ഗവർണ്ണർ

# ശ്രീ. സുഖ്ദേവ് സിംഗ് കാംഗ്

2002 മാർച്ച് 1-ാം തീയതി

കേരള നിയമസഭയിൽ
ചെയ്ത പ്രസംഗം

ബഹുമാന്യനായ സ്പീക്കർ, ബഹുമാന്യരായ നിയമ സഭാംഗങ്ങളെ,

നിങ്ങളെയെവരെയും ഞാൻ ആദ്യമേ തന്നെ പതിനൊന്നാം നിയമസഭയുടെ ഈ ബജറ്റ് സമ്മേളനത്തിലേക്ക് സ്വാഗതം ചെയ്തുകൊള്ളട്ടെ. മുൻ ഗവൺമെന്റിന്റെ വളരെ പ്രകടമായ സാമ്പത്തിക അച്ചടക്കമില്ലായ്മയുടെ പരിണതഫലമായി ചരിത്രത്തിലിന്നവരെ സംസ്ഥാനം അഭിമുഖീകരിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെയും സർക്കാർ ജീവനക്കാർ അവലംബിച്ചിട്ടുള്ള അനിശ്ചിത കാല സമരത്തിന്റെയും പശ്ചാത്തലത്തിലാണ് ഈ സമ്മേളനം നടക്കുന്നത്.

2. നവീനവും ചലനാത്മകവുമായ കേരളത്തെക്കുറിച്ച് എന്റെ ഗവൺമെന്റിനുള്ള വീക്ഷണം ആഗോളവത്ക്കരണത്തിന്റെയും ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെയും വെല്ലുവിളികളെ നേരിടാൻ സന്നദ്ധമായുള്ള കേരളം എന്നതാണ്. ഭാവിയിൽ ഉണ്ടാകാവുന്ന അവസരങ്ങളെയും വെല്ലുവിളികളെയും നേരിടാൻ ആത്മവിശ്വാസവും സന്നദ്ധതയുമുള്ള ഒരു സംസ്ഥാനം. പോയകാലത്തിന്റെ കീർത്തിധാവള്യത്തിൽ മുഴുകിയിരിക്കാൻ ഇനി നമുക്കാവില്ല. ഇപ്പോൾത്തന്നെ സ്വയം തയ്യാറെടുപ്പിനായി ആവശ്യത്തിലധികം സമയം നഷ്ടപ്പെട്ടുകഴിഞ്ഞു. ഏതാണ്ട് എട്ട് മാസം മുമ്പ് ഞാൻ ഈ സഭയെ അഭിസംബോധന ചെയ്തതിനു ശേഷമുള്ള കാലത്തേക്ക് ഞാനൊന്നു തിരിഞ്ഞു നോക്കുകയാണ്. അതിൽപ്പിന്നെ നാം കുറെയേറെ മുന്നോട്ടു പോകുകയുണ്ടായി എന്നു പറയുന്നതിൽ സന്തോഷമുണ്ട്. ശ്രദ്ധേയമായിട്ടുള്ള പ്രാരംഭനടപടികൾ ഉണ്ടായി, പക്ഷേ വളരെയധികം ഇനിയും ചെയ്യേണ്ടിയിരിക്കുന്നു. കേരള സംസ്ഥാനം അതിന്റെ പുതിയ ലക്ഷ്യത്തിലേക്ക് പ്രയാണം തുടരുമ്പോൾ ജനങ്ങൾക്ക് വലിയ പ്രതീക്ഷകളാണുള്ളത്. ഗവൺമെന്റിന്റെ കാര്യനിർവ്വഹണവും ഉത്തരവാദിത്തവും

കർശനമായി നിരീക്ഷിക്കപ്പെടും. ഈ യാത്ര ദീർഘവും ദുർഘടവുമാണെന്ന് എന്റെ ഗവൺമെന്റിനറിയാം. എന്നാൽ ശരിയായ ദിശയിൽ നീങ്ങുന്നതിന്റെ സംതൃപ്തിയുമുണ്ട്. "എല്ലാത്തിനും ഒരു കുറുക്കു വഴിയുണ്ടെന്ന് കരുതപ്പെടുന്ന ഇക്കാലത്ത്, ഏറ്റവും ദുഷ്കരമായ മാർഗ്ഗമാണ് കാലാന്തരത്തിൽ സുഖകരമായിത്തീരുക എന്ന വലിയ പാഠമാണ് ഉൾക്കൊള്ളേണ്ടത്" എന്നാണല്ലോ പറയപ്പെടുന്നത്.

3. കഴിഞ്ഞ കാലങ്ങളിൽ, പല മേഖലകളിലും കേരളമായിരുന്നു രാജ്യത്ത് മുൻപന്തിയിൽ. സാക്ഷരത, ഭൂപരിഷ്കരണം, പൊതുവിതരണ സമ്പ്രദായം, ആരോഗ്യ സംരക്ഷണം, സഹകരണ പ്രസ്ഥാനം, സംരക്ഷിത തൊഴിൽ നിയമങ്ങൾ ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷാ നടപടികൾ, അവശ വിഭാഗങ്ങൾക്കായുള്ള പെൻഷനുകളും ക്ഷേമനിധികളും, ക്രമസമാധാനം സാമുദായിക സൗഹാർദ്ദം മുതലായവ മറ്റു സംസ്ഥാനങ്ങളേക്കാൾ കേരളം വളരെ മുന്നിലെത്തിയിട്ടുള്ള ചില മേഖലകളായിരുന്നു. പക്ഷെ അത് കഴിഞ്ഞ കാലമാണ്. ഇന്നു ലോകം ധൃതഗതിയിൽ മാറിക്കൊണ്ടിരിക്കുന്നു; സംസ്ഥാനം പിന്നിലാക്കപ്പെട്ടതായും തോന്നുന്നു. എല്ലാ കേരളീയർക്കും ഇത് ആത്മപരിശോധനക്കുള്ള സമയമാണ്. 1970കളുടെ അവസാനത്തോടുകൂടി കേരളത്തിന്റെ ആഭ്യന്തര ഉല്പാദന വളർച്ചാനിരക്ക് ഇന്ത്യയുടെ ദേശീയ നിരക്കിനേക്കാൾ വളരെ മന്ദമായ തോതിലായിരുന്നു. കാർഷികോൽപ്പാദനത്തിൽ മുരടിപ്പുണ്ടായി, പ്രധാനപ്പെട്ട എല്ലാ കാർഷിക വിളകൾക്കും കടുത്ത വിലയിടിവും ഉണ്ടായി. അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവും കുറഞ്ഞ തൊഴിൽ വേതനമുള്ള സ്ഥലങ്ങളിൽ നിന്നുള്ള മത്സരവും കയർ, കശുവണ്ടി, കൈത്തറി എന്നിങ്ങനെയുള്ള പരമ്പരാഗത വ്യവസായങ്ങളെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. 1970കളുടെ ഉത്തരാർദ്ധത്തിൽ വ്യവസായ വളർച്ച പൊതുവെ മന്ദഗതിയിലായിരുന്നു; ചില വർഷങ്ങളിൽ പ്രതികൂലം പോലും ആയി. തൊഴിലില്ലായ്മ അഖിലേന്ത്യാ ശരാശരിയുടെ മൂന്നു മടങ്ങായി

ഉയർന്നു. നമ്മുടെ തൊഴിൽ രംഗത്തെ ഉല്പാദനക്ഷമത കുറവാണ്. അട്ടിമറി, ഘെരാവോ, നോക്കുകൂലി എന്നിത്യാദികളുടെ പേരിൽ ഭീഷണിപ്പെടുത്തിയുള്ള പണംപിടുങ്ങൽ പോലുള്ള നിയമവിധേയമല്ലാത്ത തൊഴിൽ സമ്പ്രദായങ്ങൾ കേരളത്തിന്റെ സൽപ്പേരിനുതന്നെ കളങ്കം ചാർത്തിയിരിക്കുന്നു. ഇത്തരം ക്രിമിനൽ പ്രവർത്തികളുടെ ഗുണഭോക്താക്കളായിട്ടുള്ള ഒരു പിടി ആളുകൾ സംസ്ഥാനത്തിന്റെ പ്രതിഛായ നശിപ്പിക്കുകയും കഴിഞ്ഞ രണ്ടു ദശകങ്ങളിലായി ആയിരക്കണക്കിന് തൊഴിൽ അവസരങ്ങൾ ഇവിടെ സൃഷ്ടിക്കപ്പെടുന്നത് തടയുകയും ചെയ്തു. പ്രൊഫഷണൽ വിദ്യാഭ്യാസമോ, ജൈവസാങ്കേതിക വിദ്യയോ എന്തുമാകട്ടെ അവയിലെല്ലാം ആഗോള തലത്തിൽ ഭാരതം അതിന്റെ സാമ്പത്തിക സാന്നിദ്ധ്യം ഉറപ്പാക്കി തലയുയർത്തി നില്ക്കുമ്പോൾ, കേരളത്തിന് അതിൽ തീരെ തുച്ഛമായ പങ്കേ ഉള്ളെന്ന് നാം മനസ്സിലാക്കുന്നു.

4. സംസ്ഥാനം മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത വിധത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. വളരെ നാളുകൾക്ക് മുമ്പേ ചെയ്തു തീർത്ത പണികൾക്കുള്ള തുക കരാറുകാർക്ക് ഇനിയും കൊടുക്കാൻ അവശേഷിക്കുന്നു. തൊഴിലില്ലായ്മ വേതനം, വൃദ്ധർക്കും അഗതികൾക്കും, താഴ്ന്ന വരുമാനക്കാർക്കുമുള്ള പെൻഷനുകൾ എന്നിവ ഒന്നും തന്നെ വളരെ കാലമായി കൊടുക്കുന്നില്ല. സർക്കാർ കടം വാങ്ങുന്ന പണത്തെ ആശ്രയിച്ച് നിലനില്ക്കുന്ന രീതി തുടരുന്നതിനാലും കടക്കെണിയുടെ വ്യാപ്തി സദാ വിപുലമാകുന്നതിനാലും മൂലധനച്ചെലവ് എത്രയും പരിതാപകരമായ നിലയിലേക്ക് താഴ്ന്നിരിക്കുന്നു. വർഷത്തിൽ ഇരുനൂറിൽ അധികം ദിവസവും സംസ്ഥാനം ഓവർഡ്രാഫ്റ്റിനെ ആശ്രയിച്ചാണ് കഴിയുന്നത്. സംസ്ഥാനത്തിന്റെ മൊത്തം ധനക്കമ്മി 1999-2000-ൽ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത വിധം 4500 കോടി രൂപയായി ഉയർന്നു. അത് സംക്രാന്തി ഉളവാക്കുന്ന തരത്തിലുള്ള തോതിൽ തന്നെ തുടരുകയുമാണ്. മൊത്തം ധനക്കമ്മിയുടെ ഏതാണ്ട് 75% ത്തോളവും ദൈനംദിന ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നു. സംസ്ഥാനത്തിന്റെ കടബാദ്ധ്യത

അതിഭീമമായി 24000 കോടി രൂപയായിരിക്കുന്നു, വർഷം തോറുമുള്ള പലിശ ബാദ്ധ്യത താങ്ങാനാവാത്ത വിധം 2400 കോടി രൂപയും. സർക്കാർ അതിന്റെ വരുമാനപരിധിക്കപ്പുറമാണ് ജീവിക്കുന്നത് എന്നതാണ് വസ്തുത. സർക്കാരിന്റെ നികുതി - നികുതിയേതര വരുമാനങ്ങൾ സർക്കാരിന്റെ ശമ്പള പെൻഷൻ ആവശ്യങ്ങൾ നിറവേറ്റാൻ പോലും തികയുന്നില്ല. നേരത്തെയുള്ള കടമെടുപ്പുകളുടെ പലിശ ബാദ്ധ്യത നിറവേറ്റാൻ പുതിയ വായ്പകൾ വേണ്ടിയിരിക്കുന്നു. വായ്പകളെ ആശ്രയിച്ചും സമയമെത്താത്ത കേന്ദ്ര വിഹിതം മുൻകൂറായി പറ്റിയുമാണ് സർക്കാർ ഇന്നു പ്രതിസന്ധികൾ തരണം ചെയ്യുന്നത്. സർക്കാർ ഇന്നൊരു കടക്കെണിയിലാണ്. ജീവനക്കാരുടെ ശമ്പളം കൊടുക്കാൻ വേണ്ടിപ്പോലും കടമെടുക്കേണ്ട സാഹചര്യത്തിലാണ്. . 2002 ജനുവരിയിൽ പദ്ധതി വിഹിതത്തിൽ നിന്നും അധിക വായ്പയായി 200 കോടി രൂപ ശമ്പളം കൊടുക്കാനായി വകമാറി ചെലവഴിക്കേണ്ടതായി വന്നു. പക്ഷെ എത്രകാലത്തേക്ക് ഇങ്ങനെ തുടരാനാവും! വൈദ്യുതി നിരക്ക്, യാത്രാക്കൂലി, ചില റവന്യൂ വരുമാനങ്ങളിന്മേലുള്ള നികുതികൾ എന്നിവ സർക്കാർ വർദ്ധിപ്പിക്കുകയുണ്ടായി. എന്നിട്ടും ധനക്കമ്മി ഒരു വൻ വിടവായിത്തന്നെ അവശേഷിക്കുകയാണ്. സർക്കാർ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതിനുവേണ്ടി സാധാരണ ജനങ്ങളുടെ മേൽ അധികഭാരം അടിച്ചേൽപ്പിക്കുന്നതിനോട് എന്റെ ഗവൺമെന്റിന് ഒരിക്കലും യോജിക്കാനാവില്ല. സാമ്പത്തിക സുസ്ഥിരത വീണ്ടെടുക്കാനുള്ള ക്ലേശവും സാമ്പത്തിക നിലയെ സാധാരണാവസ്ഥയിലേക്ക് എത്തിക്കാനുള്ള ത്യാഗവും സർക്കാർ ജീവനക്കാരുൾപ്പെടെ എല്ലാവരും പങ്കിടേണ്ടതാണ്. നിർഭാഗ്യമെന്നു പറയട്ടെ അനിശ്ചിത കാല പണിമുടക്കിന്റെ മാർഗ്ഗം സ്വീകരിച്ച ജീവനക്കാർ ഈ ചുവരെഴുത്തു കണ്ടില്ലെന്നു മാത്രമല്ല ഒട്ടനവധി അഭ്യർത്ഥനകൾ നടത്തിയിട്ടും സർക്കാരിനോട് സഹകരിക്കാൻ വിസമ്മതിക്കുകയാണുണ്ടായത്. സർക്കാർ ജീവനക്കാർക്കു മറ്റ് നിരവധി ആനുകൂല്യങ്ങൾക്കും പുറമേ മുഴുവൻ ശമ്പളവും മുഴുവൻ പെൻഷനും തുടർന്നും കിട്ടിക്കൊണ്ടിരിക്കുന്നത് കേരളത്തിലെ

ജനങ്ങൾ കാണുകയാണ്. ജീവനക്കാർ സന്ദർഭത്തിനൊത്ത് ഉയരുമെന്നും സമരം പിൻവലിക്കുമെന്നും ഞാൻ പ്രത്യാശിക്കുന്നു.

5. നാമിന്നൊരു വഴിത്തിരിവിലാണ്. കഴിഞ്ഞകാല പ്രതാപങ്ങളുടെ സ്മരണയിൽ വെയിൽ കാഞ്ഞു കഴിയു വാൻ നമുക്കിനിയാവില്ല. നമ്മുടെ മുൻനിരസ്ഥാനം വീണ്ടെടുക്കുന്നതിനായി ധീരവും നൂതനവുമായ മാർഗ്ഗങ്ങൾ നമുക്ക് അവലംബിക്കേണ്ടതുണ്ട്. കൂട്ടായി നമുക്കിതിന് കഴിയുമെന്നതിൽ എനിക്ക് ഒരു സംശയവുമില്ല.

6. മറ്റു മാർഗ്ഗങ്ങളൊന്നും തന്നെ ഈ അവസ്ഥയിൽ നമ്മുടെ മുന്നിലില്ല. നവീകരണം അനിവാര്യമത്രേ. അതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. നവീകരിക്കുക അല്ലെങ്കിൽ നശിക്കുക എന്ന യാഥാർത്ഥ്യമാണ് കേരളം അഭിമുഖീ കരിക്കുന്നതു്. ഉയർന്ന തോതിലുള്ള സാമൂഹിക വിക സനത്തോടെയുള്ള കേരള വികസനമാതൃക അന്നും ഇന്നും പ്രസക്തമാണ്. പക്ഷെ സുസ്ഥിരവും വികസനോ ന്മുഖവുമായ മറ്റൊരു വികസന മാതൃകയായി അത് ഇനിയും വികസിക്കേണ്ടതുണ്ട്. മാത്സര്യം, പ്രവർത്തന ക്ഷമത, ഉത്തരവാദിത്വം, ഉല്പാദനക്ഷമത, സാമ്പത്തിക അച്ചടക്കം എന്നിവയായിരിക്കും ഈ പുതുയുഗത്തിന്റെ മൂല മന്ത്രങ്ങൾ. സാമ്പത്തിക സുസ്ഥിരത വീണ്ടെടുക്കാൻ സംസ്ഥാനത്തിന് പൊരുതേണ്ടതുണ്ട്. ജനാധിപത്യ ഭരണക്രമത്തിലും സാമൂഹിക കൂട്ടായ്മയിലും പാരിസ്ഥിതിക സുസ്ഥിരതയിലും ഒരു വിട്ടുവീഴ്ചയും ഇല്ലാതെ സാമ്പത്തി കമായ മാത്സര്യശക്തി നേടിയെടുക്കുകയെന്നതാണ് ദൗത്യം. അങ്ങനെ വികസിപ്പിച്ചെടുക്കുന്ന സാമ്പത്തിക ശക്തി സംസ്ഥാനത്തെ ജനങ്ങൾക്ക് ഇനിയും മെച്ചമായ ജീവിത നിലവാരം ഉറപ്പാക്കുന്നതിനായി ഭരണ നിലവാരവും, സാമൂഹിക നന്മയും സാഹചര്യങ്ങളും കൂടുതൽ മെച്ചപ്പെടുത്തുന്നത് ഉന്നം വച്ചും വിനിയോഗിക്കേണ്ടതുണ്ട്. ഒരു പുതിയ പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിക്കുന്ന അവസരമായതുകൊണ്ട് ഈ സമയം അത്യന്തം നിർണ്ണായകവുമാണ്. അങ്ങേയറ്റത്തെ പ്രതിബദ്ധതയോടെ

യായിരിക്കും എന്റെ ഗവൺമെന്റ് ഈ മാറ്റം വരുത്താൻ ഉദ്യമിക്കുക. രാജ്യത്തെ മറ്റനവധി സംസ്ഥാനങ്ങൾ ഈ പരിഷ്ക്കരണ പ്രക്രിയയിൽ കേരളത്തെക്കാൾ വളരെയധികം പുരോഗമിച്ചു കഴിഞ്ഞുവെന്നും ഇത്തരുണത്തിൽ ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. പരിഷ്ക്കരണ പ്രക്രിയകൾ നാം മന്ദമായി ട്ടാണ് ആരംഭിച്ചത്. പക്ഷെ രാജ്യത്ത് നമുക്കുണ്ടായിരുന്ന മുൻനിരസ്ഥാനം വീണ്ടെടുക്കുന്നതിന് ഒരു കുതിച്ചു ചാട്ടം തന്നെ നമുക്ക് വേണ്ടിയിരിക്കുന്നു.

7. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച ഒരു ധവളപത്രം 2001 ജൂണിൽ എന്റെ ഗവൺമെന്റ് പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്ത് തുടങ്ങിവച്ച വ്യാപകമായ പൊതു ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന നിരവധി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ കഴിഞ്ഞ കുറെ മാസങ്ങളായി ഗവൺമെന്റ് വളരെയധികം മുന്നോട്ടുപോയിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തികപരമായ വിശ്വാസ്യത വീണ്ടെടുക്കേണ്ടത് പരമപ്രധാനമായിരിക്കുന്നുവെന്നതാണ് എന്റെ ഗവൺമെന്റ് ഉൾക്കൊള്ളുന്ന പ്രഥമ മാർഗ്ഗ ദർശക സാമ്പത്തിക തത്വം. ദൈനംദിന ചെലവുകളെ തുണയ്ക്കാൻ കൂടുതൽ കൂടുതൽ വായ്പകളെടുക്കുന്ന മാർഗ്ഗം അവലംബിക്കുന്നത് തല്ക്കാലത്തേക്ക് പ്രലോഭിപ്പിക്കുന്ന ഒരു പ്രതിവിധിയാണെങ്കിലും അത് നിസ്സംശയമായും സാമ്പത്തികക്കെടുതിയിലേക്കുള്ള ഒരു ക്ഷണം കൂടിയാണ്. നമ്മുടെ വരുമാനത്തിനകത്ത് ഒതുങ്ങി ജീവിക്കാനുള്ള ശ്രമത്തിൽ നല്ലൊരു നാളെക്ക് വേണ്ടിയുള്ള സമൂഹത്തിന്റെ വിശാല താല്പര്യത്തെ കണക്കിലെടുത്ത് സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങൾക്കും ചില താല്ക്കാലിക ത്യാഗങ്ങൾ ചെയ്യേണ്ടി വരും.

8. കഴിഞ്ഞ കുറെ വർഷങ്ങളായി വളരെ വഷളായി അടിത്തറ തന്നെ തകർക്കപ്പെട്ടിട്ടുള്ള ബജറ്റിന്റെ പവിത്രത വീണ്ടെടുക്കാൻ എന്റെ സർക്കാർ ദൃഢനിശ്ചയം ചെയ്യുകയാണ്. ദാരിദ്ര്യം കുറക്കുന്നത് യാഥാർത്ഥ്യമാക്കുവാൻ വേണ്ടത്ര വിഭവങ്ങൾ വേണ്ടത്ര അളവിൽ

സാമ്പത്തിക വളർച്ച വഴി സൃഷ്ടിക്കേണ്ടതുണ്ട്. അസ്ഥിരമായ ധന കൈകാര്യരീതി വളർച്ചക്ക് തീർത്തും ദോഷകരവും ദരിദ്രവിഭാഗങ്ങളെ നിസ്സംശയമായും അങ്ങേയറ്റം ഹനിക്കുന്നതുമാണ്.

9. ഈ സാഹചര്യത്തിലാണ് എന്റെ സർക്കാർ ഉചിതമായ സാമ്പത്തിക പരിഷ്കാരങ്ങൾക്ക് ആരംഭം കുറിക്കുവാൻ ഉദ്ദേശിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സാമ്പത്തിക സുസ്ഥിരത അതിപ്രധാനമായ മൂന്ന് ഘടകങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്.

- ചെലവ് നിയന്ത്രണം ഉൾപ്പെടെയുള്ള സാമ്പത്തിക അച്ചടക്കം.
- നയങ്ങൾക്കനുസൃതമായി മുൻഗണനാക്രമത്തോടെയുള്ള വിഭവങ്ങളുടെ നീക്കിവക്കൽ.
- സമ്പത്തിന്റെ പ്രയോജനപ്രദമായ തരത്തിലുള്ള കൈകാര്യം ചെയ്യൽ.

10. ചെറിയ ചില ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചതിന്റെ പ്രതികരണമായി സർക്കാർ ജീവനക്കാരുടെ പണിമുടക്കിന് ഈ അടുത്ത ദിവസങ്ങളിൽ നാം സാക്ഷ്യം വഹിക്കുകയാണ്. സർക്കാർ ഇപ്പോൾ ജീവനക്കാർക്കു വേണ്ടി മാത്രമാണ് നിലനിൽക്കുന്നതെന്നും അതിലും ദയനീയമായി അവർക്ക് ശമ്പളം നൽകുന്നതിന് വേണ്ടി മാത്രം പൊതു കടം വാങ്ങുന്ന ഒരു സാഹചര്യത്തിൽ എത്തിനിൽക്കുകയാണെന്നുമുള്ള കാര്യം ജീവനക്കാർ മനസ്സിലാക്കേണ്ടതുണ്ട്. അത്തരം ഒരു സാഹചര്യം സ്വാഭാവികമായും സുസ്ഥിരതയ്ക്കുള്ളതല്ല. സർക്കാരിന് സംസ്ഥാനത്തെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും സാമ്പത്തികവും സാമൂഹികവുമായിട്ടുള്ള വികസനത്തിന്റെ അടിസ്ഥാന ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറാനാവില്ല തന്നെ.

11. അനുകമ്പക്ക് വീട്ടിൽ തുടക്കം എന്നാണ് പറയാറുള്ളത്. പരിഷ്ക്കരണവും അപ്രകാരം തന്നെ. സാമ്പത്തിക പരിഷ്കരണങ്ങൾ ഭരണപരവും ഘടനാപരവുമായ പരിഷ്കരണങ്ങൾക്ക് അനുബന്ധമായിട്ടായിരിക്കണം. പ്രശ്നത്തിന്റെ മൂലകാരണത്തിന് പരിഹാരം കണ്ടില്ലെങ്കിൽ പ്രശ്നം വീണ്ടും ആവർത്തിക്കപ്പെടാനിടയുണ്ട്. അതുകൊണ്ട് എന്റെ സർക്കാർ കർത്തവ്യനിർവ്വഹണം ഫലപ്രാപ്തിയിൽ പ്രതിഫലിക്കണമെന്ന നിശ്ചയത്തോടെ സർക്കാർ സംവിധാനങ്ങൾ നവീകരിക്കാനാണ് ഉദ്യമിക്കുന്നത്. സിവിൽ സർവ്വീസിന്റെ കാര്യക്ഷമത ഉയർത്തേണ്ടിയിരിക്കുന്നു. മാറുന്ന സാഹചര്യങ്ങളോട് ഫലപ്രദമായി പൊരുത്തപ്പെട്ടുപോകാൻ ഉതകുന്നതരത്തിൽ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനായി പ്രവേശന ഘട്ടത്തിലും സേവനകാലത്തിനിടയിലും അവർക്ക് തീവ്ര പരിശീലനത്തിനുള്ള ഒരു പദ്ധതി എന്റെ സർക്കാർ ആവിഷ്കരിക്കുന്നതാണ്. സെക്രട്ടറിമാരുടെയും വകുപ്പു തലവൻമാരുടെയും ഉത്തരവാദിത്തങ്ങൾ അതീവ കർശനമാക്കും.

12. കേരള ഭരണ പരിഷ്കാര കമ്മിറ്റിയുടെ (KARC) ശുപാർശകളിൽ ചിലത് ഇതിനകംതന്നെ അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ടിലുള്ള മറ്റ് ശുപാർശകൾ സമയബന്ധിതമായി പരിശോധിക്കുന്നതും സാധ്യമായവ ഈ സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കുന്നതുമാണ്. അധികമുള്ള തസ്തികകൾ കണ്ടെത്തുന്നതും അവരെ കൂടുതൽ ഉല്പാദനക്ഷമതയുള്ള മേഖലകളിലേക്ക് വിന്യസിക്കുന്നതും എന്റെ സർക്കാരിന് മുന്തിയ പരിഗണനയുള്ള ദൗത്യമായിരിക്കും. ഫയലുകൾ അതിവേഗത്തിൽ തീർപ്പാക്കുക വഴിയായി പൊതുജനങ്ങളുടെ പരാതികൾക്ക് സത്വര പരിഹാരം കാണാനാകുമെന്ന ഉദ്ദേശത്തോടെ ചട്ടങ്ങളിലും നടപടിക്രമങ്ങളിലും കാര്യമായ പൊളിച്ചെഴുത്ത് നടത്തുന്നതാണ്. ആദ്യഘട്ടത്തിൽ എല്ലാ വകുപ്പുകളിലും ജനസൗഹൃദവിവര സാങ്കേതിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് അങ്ങേയറ്റത്തെ

മുൻഗണന നൽകുന്നതാണ്. കാര്യക്ഷമതയും ഉല്പാദന ക്ഷമതയും മെച്ചപ്പെടുത്തുന്നതിനുള്ള നടപടിയെന്ന നിലയിൽ എല്ലാ സർക്കാർ വകുപ്പുകളിലും എത്രയുംവേഗം കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയാക്കുന്നതാണ്. സെക്രട്ടേറിയറ്റിലെയും കളക്ട്രേറ്റുകളിലെയും കമ്പ്യൂട്ടർവൽക്കരണം ഒരു കൊല്ലത്തിനകം പൂർത്തിയാക്കും. ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണം അടുത്ത ആറു മാസത്തിനകം പൂർത്തീകരിക്കുന്നതുമാണ്.

13. പത്താം പഞ്ചവത്സര പദ്ധതി 2002-03 ൽ സമാരംഭിക്കും. എട്ടുശതമാനം വളർച്ചാനിരക്കാണ് പത്താം പദ്ധതി ലക്ഷ്യമിടുന്നത്. തികച്ചും വ്യത്യസ്തമായ ഒരു സമീപനത്തോടെയാണ് എന്റെ സർക്കാർ പത്താം പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. കാര്യങ്ങൾ തികച്ചും വ്യത്യസ്തമായി എന്നാൽ വളരെ ഫലപ്രദമായ തരത്തിൽ നിർവ്വഹിക്കുക എന്നതാണ് ആ സമീപനം. സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി വർദ്ധിതമായ വകയിരുത്തലിന്റെ പതിവ് രീതിയിൽ നിന്ന് മാറി മേഖലകളുടെ പ്രസക്തിക്കനുസരിച്ച് പദ്ധതികൾ ക്രമീകരിക്കുന്നതിന് ശ്രമം നടത്തിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗക്കാരടക്കമുള്ള ദുർബല വിഭാഗങ്ങളുടെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിന് മുൻഗണന നൽകിക്കൊണ്ട് സ്വകാര്യ മേഖലയിലെ നിക്ഷേപ വർദ്ധനവിനും വികേന്ദ്രീകൃത വികസനത്തിന്റെ സ്ഥാപനവൽക്കരണത്തിനും ഊന്നൽ നൽകിക്കൊണ്ട് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതി സവിശേഷ ശ്രദ്ധ നൽകും. പത്താം പഞ്ചവത്സര പദ്ധതിയുടെ അടങ്കൽ 24000 കോടി രൂപയായി നിശ്ചയിക്കാനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

14. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്നതിലായിരിക്കും പദ്ധതിയുടെ ഊന്നൽ. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി ബഹുമുഖ തന്ത്രങ്ങളും പ്രത്യേകം രൂപകല്പന ചെയ്ത പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. സർക്കാർ

നിക്ഷേപങ്ങൾക്ക് അനുബന്ധമായി സമ്പദ്ഘടനയുടെ എല്ലാ മേഖലയിലും സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനായി സവിശേഷ ഊന്നൽ നല്കുന്നതാണ്. വിവര സാങ്കേതിക വിദ്യ, വിനോദസഞ്ചാരം ദാരിദ്രനിർമ്മാർജ്ജനം, തൊഴിൽ അവസരം സൃഷ്ടിക്കൽ, ആരോഗ്യം, ജൈവസാങ്കേതിക വിദ്യ, അടിസ്ഥാനസൗകര്യവികസനം എന്നിവ ആയിരിക്കും മുൻഗണനാ മേഖലകൾ.

15. പദ്ധതിയുടെ ആദ്യ വർഷത്തിൽ താഴെ തട്ടിലുള്ള ആസൂത്രണ പ്രക്രിയവഴിയായി സമഗ്രമായ ഒരു ദാരിദ്രനിർമ്മാർജ്ജന ഉപപദ്ധതി നടപ്പിലാക്കുന്നതാണ്. സംസ്ഥാനത്തിന്റെ പൊതുവായ വികസനം കൊണ്ട് നിർഭാഗ്യവശാൽ പ്രത്യേക നേട്ടം ഉണ്ടായിട്ടില്ലാത്ത സംസ്ഥാനത്തെ പട്ടിക വർഗ്ഗത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു മാസ്റ്റർ പ്ലാൻ ഈ ഉപപദ്ധതിയുടെ ഒരു നിർണ്ണായക ഘടകമായിരിക്കും. S.C.P.യ്ക്ക് വേണ്ടിയുള്ള വകയിരുത്തൽ 9.74% ൽ നിന്ന് 10% മായും ട്രൈബൽ ഉപപദ്ധതിയ്ക്കുവേണ്ടിയുള്ള വകയിരുത്തൽ 1.9% ൽ നിന്ന് .25% മായും വർദ്ധിക്കുന്നതാണ്. വിശേഷ് അവകാശങ്ങളൊന്നും ഇല്ലാത്തവരായ അധഃസ്ഥിതരുടെ കാര്യത്തിൽ എന്റെ സർക്കാരിനുള്ള പ്രതിജ്ഞാബദ്ധതയുടെ മതിയായ തെളിവാണിത്. പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗത്തിന് അർഹമായ വിഹിതം 11.02% മാത്രമാണെങ്കിലും അവർക്കായി നീക്കിവച്ചിട്ടുള്ളത് 12.25% മാണ്.

16. 10-ാം പദ്ധതിക്കാലത്ത് വികേന്ദ്രീകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതും പൂർണ്ണമായി സ്ഥാപന വല്ക്കരിക്കുന്നതുമാണ്. പ്രാദേശിക തല ആസൂത്രണത്തിന്റെ ഗുണനിലവാരം ഉയർത്തൽ, പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള കഴിവിൽ മേന്മ കൈവരിക്കൽ, സാമ്പത്തിക വികസന കാര്യത്തിൽ തദ്ദേശ ഗവൺമെന്റുകൾക്ക് ഒരു പങ്ക് രൂപപ്പെടുത്തിക്കൊടുക്കൽ, അവർക്ക്

കൈമാറ്റം ചെയ്തു കൊടുത്തിട്ടുള്ള സ്ഥാപനങ്ങളും സേവനമേഖലകളും നടത്തിക്കൊണ്ടുപോകുന്നതിനുള്ള കഴിവ് ശക്തിപ്പെടുത്തൽ എന്നിവയിലായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുക. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള നീക്കിവെയ്പ് 9-ാം പദ്ധതിക്കാലത്തെ വിഹിതമായ 30.5%-ൽ നിന്നും 33.33% മായി ഉയർത്തിയിട്ടുണ്ട്.

17. ശരിയായ നിക്ഷേപമില്ലാതെ ഒരു വികസനവും സാദ്ധ്യമല്ല. അതുകൊണ്ട് എന്റെ സർക്കാർ അന്തർദ്ദേശീയ ഏജൻസികളായ ലോക ബാങ്ക്, ഏഷ്യൻ വികസന ബാങ്ക് എന്നിവയിൽ നിന്ന് വിഭവസമാഹരണത്തിനുള്ള പ്രത്യേക ശ്രമം നടത്തിവരികയാണ്. 10-ാം പദ്ധതിക്കാലത്ത് 5225 കോടി രൂപയുടെ വിദേശ സഹായത്തോടെയുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇത് 9-ാം പദ്ധതിക്കാലത്ത് നേടിയെടുത്ത 500 കോടി രൂപയിൽ താഴെയുള്ള വിദേശ സഹായവുമായി തട്ടിച്ചു നോക്കേണ്ടതുണ്ട്.

18. കേന്ദ്ര സർക്കാരിൽ നിന്ന് വിവിധ മേഖലകളിൽപ്പെടുത്തി പരമാവധി സഹായം ലഭ്യമാക്കുന്നതിനും എന്റെ സർക്കാർ പരിശ്രമിക്കുന്നതായിരിക്കും. വിവിധ മേഖലകളിലായി അനേകം പദ്ധതികൾ കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികളെല്ലാം എത്രയും വേഗം കേന്ദ്ര സർക്കാരിനെക്കൊണ്ട് അനുവദിപ്പിച്ചു കിട്ടുന്നതിന് എല്ലാ ശ്രമവും നടത്തുന്നതാണ്.

19. ദ്വിമുഖ, ബഹുമുഖ അന്തർദ്ദേശീയ ഏജൻസികൾക്കു പുറമെ സ്വദേശീയവും വിദേശീയവുമായ സ്വകാര്യ മേഖലകളിൽ നിന്ന് വ്യവസായം, അടിസ്ഥാന സൗകര്യ വികസനം മറ്റു മേഖലകൾ എന്നിവയിലേക്ക് നിക്ഷേപം ആകർഷിക്കാൻ എന്റെ സർക്കാർ ശ്രമിക്കുന്നതായിരിക്കും. ഇതിലേക്കായി കഴിഞ്ഞ കുറെ മാസങ്ങളിലായി നയപരമായ പല നടപടികളും എടുത്തു കഴിഞ്ഞിട്ടുണ്ട്. വിവര സാങ്കേതിക വിദ്യാനയം, കരട് വിനോദസഞ്ചാര നയം, കരട് നഗരവൽക്കരണ നയം, കരട് വ്യവസായ

നയം, കയർ തൊഴിൽ നയം എന്നിവ ഇതിനകംതന്നെ എന്റെ സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപകരോട് സൗഹൃദപൂർവ്വമായ സാഹചര്യം ഒരുക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശം. ധാതുക്കളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളെ സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി എന്റെ സർക്കാർ ഒരു ധാതുനയം കൊണ്ട് വരാൻ ഉദ്ദേശിക്കുന്നു. അടിസ്ഥാന സൗകര്യ മേഖലയിൽ നിക്ഷേപത്തിനുള്ള നടപടി ക്രമങ്ങൾ സുതാര്യമാക്കിത്തീർക്കുന്നതിന് കേരള അടിസ്ഥാന സൗകര്യ ബിൽ സർക്കാർ ഇതിനകം തന്നെ ഈ സഭയിൽ അവതരിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. കേരളത്തിന് നിക്ഷേപത്തിനുള്ള ആകർഷകമായ ലക്ഷ്യ വേദിയായി ലോകഭൂപടത്തിൽ സ്ഥാനം ലഭിക്കാൻ ഒരു ആഗോള നിക്ഷേപകരുടെ സമാഗമം ഈ വർഷം ഒടുവിൽ സംഘടിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. നിക്ഷേപകരുടെ ആഗോള സമ്മേളനത്തിൽ അവതരിപ്പിക്കുവാനായി പദ്ധതികൾ നിർണ്ണയിക്കുവാൻ എല്ലാ വകുപ്പുകളോടും ആവശ്യപ്പെട്ടിട്ടുണ്ട്.

20. നിക്ഷേപത്തിന് വേണ്ടി എന്റെ സർക്കാർ തേടുന്ന കേന്ദ്ര മേഖലാ പദ്ധതികളിൽ 1600 കോടി രൂപയുടെ മുതൽ മുടക്കോടെ പുതുവൈപ്പിനിൽ പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡ് സ്ഥാപിക്കുന്ന എൽ.എൻ.ജി. ടെർമിനൽ, 1800 കോടി രൂപ മുതൽ മുടക്കി ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് സ്ഥാപിക്കുന്ന ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി, 1800 കോടി രൂപ ചെലവിൽ സ്വകാര്യ പങ്കാളിത്തത്തോടെ വല്ലാർപാടത്ത് സ്ഥാപിക്കുന്ന അന്തർദ്ദേശീയ ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയിനർ ടെർമിനൽ, വല്ലാർപാടത്ത് കൊച്ചിൻ പോർട്ട് ട്രസ്റ്റ് വക ഭൂമിയിൽ സ്ഥാപിക്കുന്ന ഗോൾഫ് കോഴ്സ് കം ടൂറിസ്റ്റ് കേന്ദ്രം, കൊച്ചിൻ ഷിപ്പിയാർഡ് റിപ്പയർ പ്രോജക്റ്റ്, 4400 കോടി രൂപയുടെ കായംകുളം സൂപ്പർ തെർമൽ പ്രോജക്റ്റ്, കേന്ദ്ര ആയുർവേദ സർവ്വകലാശാല, നാളികേര ടെക്നോളജി മിഷൻ എന്നിവ ഉൾപ്പെടുന്നു.

21. വരും വർഷങ്ങളിൽ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ മുന്നോട്ടു നയിക്കുന്ന വികസന യന്ത്രമായി വിനോദ സഞ്ചാരത്തെ എന്റെ സർക്കാർ അംഗീകരിക്കുന്നു. വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനുള്ള അതിന്റെ സാധ്യത കണക്കിലെടുക്കുമ്പോൾ അതു സവിശേഷമായ സാദ്ധ്യതകളുള്ള ഒരു മേഖലയാണ്. അതുകൊണ്ട് വരും വർഷത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വിനോദസഞ്ചാരത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഊന്നൽ നല്കും. നമ്മുടെ പ്രകൃതിദത്തവും സാംസ്കാരികവുമായ പൈതൃകങ്ങളെ പരിരക്ഷിച്ചും പരിപാലിച്ചും സുസ്ഥിരമായ വിനോദ സഞ്ചാര വികസനത്തിനായിരിക്കും സർക്കാർ ശ്രമിക്കുന്നത്. വിനോദസഞ്ചാര വികസനത്തിനുവേണ്ടി മനുഷ്യ വിഭവശേഷി വികസിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കും. വിനോദസഞ്ചാര മേഖലയിൽ കൂടുതൽ സ്വകാര്യ നിക്ഷേപത്തിനും വഴിയൊരുക്കും. വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി അമേരിക്കയിലും ഗൾഫ് നാടുകളിലും പുതിയ വിപണികൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണ്. വിനോദ സഞ്ചാര പ്രോത്സാഹന കാര്യത്തിൽ സംസ്ഥാനത്തിന് ലഭിച്ച അംഗീകാരം വളരെ സന്തോഷത്തോടെ രേഖപ്പെടുത്തുന്നതോടൊപ്പം അഭിമാനകരമായ ഈ പദവി ഭാവിയിലും നിലനിർത്താൻ കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

22. സംസ്ഥാനത്തിന് വളരെയധികം സാധ്യതകളുള്ള മറ്റൊരു മേഖലയാണ് വിവര സാങ്കേതിക വിദ്യ. സംസ്ഥാനത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന്, വിവര സാങ്കേതിക വിദ്യ വാഗ്ദാനം ചെയ്യുന്ന സാദ്ധ്യതകളെ പ്രയോജനപ്പെടുത്താനുള്ള സമഗ്രമായ വിവര സാങ്കേതിക വിദ്യാ നയം നിർവ്വചിക്കുന്ന നയ പ്രഖ്യാപനം കഴിഞ്ഞ വർഷം എന്റെ സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. വിവര സാങ്കേതിക വിദ്യയുടെ അതിദ്രുതമായ വളർച്ചയ്ക്കും അതിലധിഷ്ടിതമായ വ്യവസായങ്ങളുടെ വികസനത്തിനും ശക്തമായ പ്രേരണയായിത്തീരാൻ ഈ നയത്തിന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്

ലോക നിലവാരത്തിൽ തന്നെ സൗകര്യങ്ങളുള്ളതും വിവരസാങ്കേതികവിദ്യാ വ്യവസായത്തിന്റെ അടിസ്ഥാന സൗകര്യങ്ങളും അന്തരീക്ഷവും അന്തർദ്ദേശീയ നിലവാരത്തിൽ തന്നെ ലഭ്യമാക്കിയിട്ടുള്ളതുമായ തിരുവനന്തപുരത്തെ ടെക്നോ പാർക്ക് രണ്ടു പുതിയ മന്ദിരങ്ങൾ കൂടി കമ്മീഷൻ ചെയ്യുന്നതോടെ ഏഷ്യയിലെ ഏറ്റവും വലിയ ഐ.ടി. പാർക്കായി മാറുന്നതായിരിക്കും. കൊച്ചിയിലെ ഹൈടെക് പാർക്ക് ഉടനെ ആരംഭിക്കുന്നതാണ്. ഇതിനായി അന്താരാഷ്ട്ര സഹകരണത്തിനുള്ള ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ഐ.ടി. മേഖലകളിലേക്ക് സ്വകാര്യ നിക്ഷേപം വമ്പിച്ച തോതിൽ ആകർഷിക്കാനാണ് എന്റെ സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഈ സന്ദർഭത്തിൽ സർക്കാരിന്റെ സമീപകാല നയപരമായ നടപടികളോട് അനുകൂലമായ പ്രതികരണമാണ് നിക്ഷേപകരിൽ നിന്നുണ്ടായിട്ടുള്ളതെന്ന് സന്തോഷപൂർവ്വം രേഖപ്പെടുത്തുന്നു.

23. സംസ്ഥാനത്തെ ഏതാനും കോളേജുകളെ കോർത്തിണക്കുന്ന കോളേജുകളുടെ ശൃംഖലയായ സംസ്ഥാന വിദ്യാഭ്യാസഗ്രിഡ് വരും വർഷത്തിൽ സ്ഥാപിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസവും പുതിയ സാങ്കേതിക വിദ്യകളും കുട്ടികൾക്ക് ലഭ്യമാക്കുന്ന ഒരു വേദിയെന്നതിന് പുറമെ സംസ്ഥാനത്തെ സമുന്നത വിദ്യാ കേന്ദ്രങ്ങളിലെ മികവും വിഭവങ്ങളും പങ്കുവക്കുന്നതിന് ഈ ഗ്രിഡ് ഉതകും. സമ്പൂർണ്ണ സാക്ഷരതാ പ്രചാരണത്തിന്റെ വിജയത്തെ ആധാരമാക്കി ഒരു സമ്പൂർണ്ണ ഐ.ടി. സാക്ഷരതാ പ്രചാരണവും നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ജനങ്ങൾക്ക് അനുയോജ്യമായ ഐ.ടി. പരിശീലനത്തിലൂടെ വിശാലാടിസ്ഥാനത്തിലുള്ള ഒരു ജനകീയ പരിപാടിയായിരിക്കും സ്വകാര്യമേഖലയുടെയും സമൂഹത്തിന്റെയും സജീവ പങ്കാളിത്തത്തോടെയുള്ള ഈ പദ്ധതി. ഐ.ടി. സംബന്ധമായ പ്രവർത്തനങ്ങളുടെ സാധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്തത്തക്ക വിധത്തിൽ കോളേജുകളിലും, പോളിടെക്നിക്കുകളിലും ആരംഭിക്കാനു

ദ്ദേശിക്കുന്ന ഐ.ടി. പരിശീലനത്തിനുള്ള ഒരു ബൃഹത് പരിപാടിയാണ് ഈ മേഖലയിലുള്ള മറ്റൊരു സംരംഭം. I.T. @ School എന്ന ഈ സംരംഭം സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളിലേക്കും എത്രയും വേഗം വ്യാപിപ്പിക്കാനാണുദ്ദേശിക്കുന്നത്.

24. എന്റെ സർക്കാർ അടുത്ത കാലത്ത് കൈക്കൊണ്ട ചില നടപടികൾമൂലം സംസ്ഥാനത്ത് നടപ്പുവർഷം പുതിയ ചില സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. സർവ്വകലാശാലകൾക്ക് കാര്യക്ഷമമായ ഒരു ഭരണ സംവിധാനം ഏർപ്പെടുത്തുന്നതിനും തദ്വാരാ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തെ ഊർജ്ജസ്വലമാക്കി സമൂഹത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളോട് പ്രതികരിക്കുന്നതിന് പ്രാപ്തമാക്കുന്നതിനും ഒരു ഏകീകൃത സർവ്വകലാശാലാ ബിൽ എന്റെ സർക്കാർ അവതരിപ്പിക്കുന്നതാണ്. സർവ്വകലാശാലക്കും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മാർഗ്ഗ ദർശനത്തിനും ഏകോപനത്തിനുമായി ഒരു ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംസ്ഥാനത്ത് രൂപീകരിക്കുന്നതാണ്. പ്രൊഫഷണൽ കോളേജുകൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ, പോളി ടെക്നിക്കുകൾ എന്നിവ ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്ക് അക്കാഡമിക് പരവും ഭരണപരവും ധനപരവുമായ സ്വയംഭരണാവകാശം നൽകുവാനും ഉദ്ദേശിക്കുന്നു.

25. വ്യവസായ നയത്തിൽ പ്രസ്താവിച്ചിട്ടുള്ള വിവിധ നയ പ്രഖ്യാപനങ്ങൾ എന്റെ സർക്കാർ സമയ ബന്ധിതമായി നടപ്പിൽ വരുത്തുന്നതാണ്. സംസ്ഥാനത്തെ പ്രധാന വ്യവസായ പ്രോത്സാഹന ഏജൻസിയായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ പുനഃസംഘടിപ്പിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വ്യവസായ വികസന മേഖലക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ഇതിനകം തന്നെ കൈക്കൊണ്ടു കഴിഞ്ഞു. കിൻഫ്ര പാർക്കുകളുടെ വിപണനത്തിനു

വേണ്ടി തീവ്രമായ ശ്രമങ്ങൾ എന്റെ സർക്കാർ കൈക്കൊള്ളുന്നതാണ്.

26. എന്റർപ്രൈസസ് റീഫോംസ് കമ്മിറ്റി തയ്യാറാക്കിയിട്ടുള്ള സമീപന രേഖ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതനുസരിച്ച് പൊതുമേഖലാ യൂണിറ്റുകളുടെ പുനഃക്രമീകരണത്തിനുള്ള നടപടികൾ എന്റെ സർക്കാർ കൈക്കൊള്ളുന്നതാണ്.

27. ഉദാരവല്ക്കരണത്തിന് ശേഷമുള്ള സാമ്പത്തിക പശ്ചാത്തലത്തിൽ നമുക്ക് കൂടുതൽ ശേഷിയുള്ള മേഖലകളിലെ വ്യവസായ വളർച്ചക്ക് ഊർജ്ജസ്വലതയോടെ ശ്രമങ്ങൾ തുടരേണ്ടതുണ്ടെന്ന് നാം മനസ്സിലാക്കുന്നു. വിവരസാങ്കേതിക വിദ്യ, വിനോദ സഞ്ചാരം എന്നിവക്ക് പുറമെ ഭക്ഷ്യ സംസ്കരണ വ്യവസായത്തിനും ജൈവ-സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള വ്യവസായത്തിനും പത്താം പദ്ധതിയിൽ സവിശേഷ ശ്രദ്ധ നൽകുന്നതാണ്. അന്താരാഷ്ട്ര തലത്തിലുള്ള ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ധൃതഗതിയിൽ നടപ്പിലാക്കുന്നതിന് ശ്രമങ്ങൾ നടത്തുന്നതാണ്.

28. ഇതിന് പുറമെ ആഗോള മത്സരത്തെ നേരിടുവാൻ ചെറുകിട വ്യവസായത്തെ സജ്ജമാക്കുന്നതിനുവേണ്ടി പ്രത്യേക ശ്രമം നടത്തുന്നതാണ്. "ക്ലസ്റ്റർ" അടിസ്ഥാനമാക്കിയുള്ള സമീപനം കൂടുതൽ യൂണിറ്റുകൾക്ക് ബാധകമാക്കുന്നതാണ്. നമ്മുടെ വ്യവസായങ്ങൾക്ക് സബ് കോൺട്രാക്റ്റിംഗ് സുഗമമാക്കുന്നതിന് വേണ്ടി ഒരു സബ് കോൺട്രാക്റ്റിംഗ് എക്സ്ചേഞ്ച് സ്ഥാപിക്കുന്നതാണ്. കൂടാതെ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് സ്വകാര്യനിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതാണ്. സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളിലെ എല്ലാ വ്യവസായികൾക്കും പട്ടയം നൽകുവാൻ എന്റെ സർക്കാർ സമയബന്ധിത നടപടികൾ കൈക്കൊള്ളുന്നതാണ്. സമ്പന്നമായ ഒരു വിജ്ഞാനാധിഷ്ടിത സമൂഹത്തെ വികസിപ്പിച്ചെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി എല്ലാ തരത്തിലുമുള്ള

നമ്മുടെ ബൗദ്ധിക സ്വത്തിന്റെയും രജിസ്ട്രേഷൻ എളുപ്പമാക്കിത്തീർക്കുന്നതിന് വേണ്ടി ഒരു പേറ്റന്റ് രജിസ്ട്രേഷൻ കേന്ദ്രം ആരംഭിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

29. പരമ്പരാഗത വ്യവസായം സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന മേഖലയാണ്. പല കാരണങ്ങളാൽ ഈ മേഖല തകർച്ചയിലാണ്. ഈ മേഖലക്ക് നവചൈതന്യം പ്രദാനം ചെയ്യാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇത് കണക്കിലെടുത്തുകൊണ്ട് കൈത്തറി, കയർ, കശുവണ്ടി, മത്സ്യ ബന്ധനം കരകൗശലം, ഖാദി-ഗ്രാമ വ്യവസായങ്ങൾ എന്നീ മേഖലകളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള 100 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജ് പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ പരമ്പരാഗത വ്യാവസായിക ഉത്പന്നങ്ങളെ ഒരു മൾട്ടി ഡൈമൻഷണൽ ഇ-കോമേഴ്സ് പോർട്ടൽ വഴി അന്താരാഷ്ട്ര വിപണി യുമായി ബന്ധിപ്പിക്കുന്നതിന് വേണ്ടി ഓൺലൈൻ മാർക്കറ്റുകളുടെയും ഇ-കോമേഴ്സിന്റെയും ഏറ്റവും നൂതനമായ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതാണ്. ഇ-കോമേഴ്സ് പോർട്ടലിന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്.

30. ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് പുതിയ ഡിസൈനുകൾ വഴിയും ഫലപ്രദമായ വിപണനം വഴിയും നെയ്ത്തു മേഖലയെ ശക്തിപ്പെടുത്തുന്നതോടൊപ്പം തന്നെ വിവര സാങ്കേതികവിദ്യ പോലുള്ള പുതിയ മേഖലകളിലേക്ക് യൂണിറ്റുകളെ വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ശ്രമിക്കുന്നതാണ്.

31. കയർ മേഖലയിൽ ഗണ്യമായ സ്വകാര്യ നിക്ഷേപത്തോടൊപ്പം തന്നെ വ്യവസായ സംരംഭ വികസനം, ഗവേഷണം, സാങ്കേതികവിദ്യയുടെ നവീകരണ പരിപാടികൾ എന്നിവയിലും എന്റെ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. ഇതിനുവേണ്ടിയുള്ള നടപടിക്രമങ്ങളിൽ വ്യവസായ സംരംഭകർക്ക്

പ്രത്യേകിച്ച് വിപണന വികസനത്തിനുവേണ്ടിയും ആകർഷണീയമായ മൂല്യവർദ്ധിത കയർ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നവർക്ക് സഹായം നല്കുക എന്നതും ഉൾപ്പെടുന്നു. സിവിൽ നിർമ്മാണങ്ങളിലും മറ്റ് ഉപയോഗങ്ങൾക്കും കയർ കൊണ്ടുള്ള ജിയോ ടെക്സ്റ്റൈയിലുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതാണ്. ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിച്ച് പ്രിയമേറിയ ഉല്പന്നങ്ങളുടെ ഉല്പാദനത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനും വേണ്ടി കയർ സഹകരണ സംഘങ്ങളെ പുനഃക്രമീകരിക്കുന്നതാണ്.

32. ലോക ബാങ്കിന്റെ സഹായത്തോടെ ഈയിടെ ആരംഭിച്ചിട്ടുള്ള 1200 കോടി രൂപയുടെ കേരള സംസ്ഥാന ട്രാൻസ്പോർട്ട് പ്രോജക്റ്റിൻ കീഴിൽ 1600 കിലോ മീറ്ററോളം ദേശീയ പാതയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു ബൃഹത് സംരംഭത്തിന് റോഡ് മേഖല തയ്യാറെടുക്കുകയാണ്. നബാർഡിൽ നിന്ന് റോഡുകളും പാലങ്ങളും പണിയുന്നതിനുവേണ്ടി വളരെ ഉയർന്ന തോതിലുള്ള സാമ്പത്തിക സഹായം പ്രയോജനപ്പെടുത്താനും സർക്കാർ ഉദ്ദേശിക്കുന്നു. റോഡുകളുടെ സഞ്ചാര യോഗ്യത മെച്ചപ്പെടുത്തിക്കൊണ്ടും നാലു വരികളായി വീതികൂട്ടിക്കൊണ്ടും പ്രധാനപ്പെട്ട റോഡുകളും പാലങ്ങളും നിർമ്മിച്ചുകൊണ്ടും സംസ്ഥാനത്തെ ദേശീയ പാതകൾ ഈ വർഷം കൂടുതൽ മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. എല്ലാ ദേശീയ പാതകളിലും പ്രധാനപ്പെട്ട ജില്ലാ റോഡുകളിലും സ്വാഭാവിക റബ്ബറധിഷ്ഠിത ബിറ്റ്യുമൻ (NRMB) ഉപയോഗിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. റോഡുകളുടെയും പാലങ്ങളുടെയും വികസന കോർപ്പറേഷൻ (RBBDK) 20 റെയിൽവേ മേല്പാലങ്ങളുടെ പണി ഏറ്റെടുത്തു കഴിഞ്ഞു. എല്ലാം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ റോഡ് മേഖലയിൽ സ്വകാര്യ പങ്കാളിത്തം ആകർഷിക്കുന്നതിന് എന്റെ സർക്കാർ ആഗ്രഹിക്കുന്നു. അതിനുവേണ്ടി റോഡ് ഫണ്ട് നിയമം പാസ്സാക്കികഴിഞ്ഞു. പൊതുമരാമത്ത് മേഖലയിൽ അടിസ്ഥാന

സൗകര്യ നിർമ്മിതിയിൽ സ്വകാര്യ നിക്ഷേപത്തിനായി മറ്റ് മേഖലകളും എന്റെ സർക്കാർ ലക്ഷ്യമാക്കിയിട്ടുണ്ട്.

33. കഴിഞ്ഞ ഏതാനും വർഷങ്ങളായി പ്രധാന കാർഷിക ഉല്പന്നങ്ങളുടെ വിലയിൽ കുത്തനെ ഇടിവുണ്ടായതു മൂലം കേരളത്തിലെ കാർഷിക മേഖല നേരിട്ട് അഭിമുഖീകരിക്കുന്ന പ്രതിസന്ധിയെക്കുറിച്ച് എന്റെ സർക്കാരിന് കടുത്ത ആശങ്കയുണ്ട്. ഉല്പന്നങ്ങളുടെ ഇറക്കുമതിയുടെ അളവിലുള്ള നിയന്ത്രണം ഇന്ത്യാ ഗവൺമെന്റ് എടുത്തു കളഞ്ഞതാണ് വിലയിടിവ് രൂക്ഷമാക്കിത്തീർത്തത്. അതുകൊണ്ട് കേരളത്തിലെ പ്രധാന കാർഷികോല്പന്നങ്ങൾക്ക് മതിയായ നിരക്കിൽ ഇറക്കുമതി ചുങ്കം ചുമത്തിക്കൊണ്ട് പ്രത്യേകിച്ചും W.T.O.യുടെ കരാറുകളുടെ വ്യവസ്ഥകളനുസരിച്ച് ഇത്തരത്തിലുള്ള ഉയർന്ന നിരക്കിലുള്ള ചുങ്കം ചുമത്താമെന്നുള്ളതു കൊണ്ട് കേരളത്തിലെ കാർഷിക മേഖലയെ സംരക്ഷിക്കാൻ കേന്ദ്ര സർക്കാരിൽ ശക്തമായി സമ്മർദ്ദം ചെലുത്തുകയുണ്ടായി. പ്രതിസന്ധിയുടെ ഗുരുതര സ്വഭാവം കണക്കിലെടുക്കുമ്പോൾ വിലയിടിവ് ബാധിച്ചിട്ടുള്ള എല്ലാ കാർഷികോല്പന്നങ്ങളുടെയും വിപണിയിൽ കേന്ദ്ര സർക്കാർ നേരിട്ട് ഇടപെടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

34. W.T.O. കരാറുകളുടെ അനന്തരഫലമായി വ്യാപാര ഉദാരവൽക്കരണത്തിൽ നിന്ന് ഒരുതരത്തിലും പിന്നോട്ട് പോകാൻ കഴിയില്ലെന്നുള്ള വസ്തുത സർക്കാർ അംഗീകരിക്കുന്നു. അതുകൊണ്ട് ഉല്പാദന ക്ഷമതയും മത്സരക്ഷമതയും വർദ്ധിപ്പിക്കുകയെന്നത് സർക്കാർ നയത്തിന്റെ ദീർഘകാല ലക്ഷ്യമാണ്. W.T.O. കരാറുകൾ ഉയർത്തിയിട്ടുള്ള വെല്ലുവിളികളെ നേരിടാനുള്ള നയപര മായ നടപടിക്രമങ്ങൾക്കായി ഡോ. എം.എസ്. സ്വാമിനാഥന്റെ അദ്ധ്യക്ഷതയിൽ സർക്കാർ ഒരു ഉന്നതതല കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ഇടക്കാല റിപ്പോർട്ട് ഈ മാസം അവസാനത്തോടെ കിട്ടുമെന്നു പ്രതീക്ഷിക്കുന്നു. ദീർഘകാല തയ്യാറെടുപ്പുകൾക്ക് പുറമെ, കർഷകർക്ക് പ്രത്യേകിച്ചും വിലയിടിവ്

കൊണ്ട് കഠിന യാതന അനുഭവിക്കുന്ന ചെറുകിട മാർജിനൽ കർഷകർക്ക് അടിയന്തിര ആശ്വാസം നൽകുവാൻ എന്റെ സർക്കാർ നിരവധി പ്രധാന നടപടികൾ സ്വീകരിക്കുകയുണ്ടായി. കാർഷിക മേഖലയ്ക്ക് ആശ്വാസം പകരാൻ 100 കോടി രൂപയുടെ മുതൽ മുടക്കോടുകൂടിയ ഒരു പ്രത്യേക പാക്കേജ്പദ്ധതി ഈ അടുത്തിടെ പ്രഖ്യാപിക്കുകയുണ്ടായി. നാളികേരം, റബ്ബർ, നെല്ല്, ഇഞ്ചി, അടക്ക, കാപ്പി, തേയില, കുരുമുളക് എന്നിവയുടെ കൃഷിക്കാരായ കഷ്ടതയനുഭവിക്കുന്ന കർഷകർക്ക് അടിയന്തിര ആശ്വാസം എത്തിക്കുന്നതോടൊപ്പം സംസ്ഥാനത്തെ കാർഷിക വികസനത്തിന് ശക്തി പകരാനും ഇതുപകരിക്കും. കൂടാതെ സംസ്ഥാനത്തെ കർഷകരുടെ സ്ഥിതി മെച്ചപ്പെടുത്തുവാനുള്ള പ്രത്യേക നടപടികളും സർക്കാരിന്റെ പരിഗണനയിലാണ്.

35. സ്ത്രീകളെ സ്വയം സഹായ സംഘങ്ങളായി സംഘടിപ്പിക്കുക വഴിയും കുടുംബ സഹായ പദ്ധതികൾ വഴിയും സർക്കാർ ഹോർട്ടികൾച്ചറൽ വികസനം പ്രോത്സാഹിപ്പിക്കുന്നതാണ്. APEDA യുമായി സഹകരിച്ചുകൊണ്ട് ഒരു കാർഷികോല്പന്ന കയറ്റുമതി മേഖല സ്ഥാപിച്ചുകൊണ്ട് ഹോർട്ടികൾച്ചർ ഉല്പന്നങ്ങളുടെ വിപണനത്തിന് പ്രധാന ഊന്നൽ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. "Cold Chain" പോലെയുള്ള വിപണനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ഹോർട്ടികൾച്ചറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖാന്തിരം ഏറ്റെടുക്കുന്നതാണ്.

36. മണ്ണിന്റെയും ജലത്തിന്റെയും സംരക്ഷണ നടപടികൾ കാർഷികോല്പാദന ക്ഷമത വർദ്ധിപ്പിക്കുമെന്നത് മാത്രമല്ല പ്രകൃതി വിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗത്തിനും നിർണ്ണായകമാണ്. നബാർഡ് പുതുതായി രൂപീകരിച്ചിട്ടുള്ള വാട്ടർഷെഡ് ഡെവലപ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് പാലക്കാട്ടും മലപ്പുറത്തും നീർത്തട വികസന പദ്ധതികൾ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നു.

37. കാർഷിക വികസനത്തിൽ ജൈവ സാങ്കേതിക വിദ്യയുടെയും വിവരസാങ്കേതിക വിദ്യയുടെയും പങ്കിനെക്കുറിച്ച് സർക്കാരിന് പൂർണ്ണമായ ബോധ്യമുണ്ട്. കീടങ്ങൾക്കും രോഗങ്ങൾക്കുമെതിരെയുള്ള സംരക്ഷണം, ടിഷ്യുകൾച്ചറൽ വഴിയായി ഹോർട്ടികൾച്ചറൽ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ അതിവേഗം വർദ്ധിപ്പിക്കാവുന്നതും പ്രതീക്ഷക്ക് വക നൽകുന്ന രണ്ട് മേഖലകളാണ്. ടിഷ്യുകൾച്ചറും ജൈവ സാങ്കേതിക വിദ്യയും പുഷ്പകൃഷി വികസന പരിപാടിയുടെ കേന്ദ്ര ബിന്ദുവാണ്.

38. ഇതിനകംതന്നെ കാലവിളംബം വന്നിട്ടുള്ള പദ്ധതികളുടെ പൂർത്തീകരണത്തിന്റെ അടിയന്തിരാവശ്യം എന്റെ സർക്കാർ മനസ്സിലാക്കുന്നു. കല്ലട ജലസേചന പദ്ധതിയും പഴശ്ശി ജലസേചന പദ്ധതിയും ഇക്കൊല്ലംതന്നെ കമ്മീഷൻ ചെയ്യുന്നതിന് വേണ്ടി അക്കാരണത്താൽ മുൻഗണനയും കൊടുത്തിരിക്കുകയാണ്. ചെറുകിട കർഷകർക്കും നാമമാത്ര കർഷകർക്കും വളരെയധികം ആശ്വാസകരമാവേണ്ട ചെറുകിട ജലസേചന പദ്ധതികളും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും മോശപ്പെട്ട പരിപാലനംമൂലം അവയുടെ പ്രയോജനം നഷ്ടപ്പെട്ടിരിക്കുകയാണ്. ഇത്തരം ചെറുകിട ജലസേചന പദ്ധതികളുടെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും കണക്കെടുക്കാനും അവയുടെ ഉപയോഗക്ഷമതയുടെ അടിസ്ഥാനത്തിൽ അവയെ പുനരുദ്ധരിക്കാനും ഉദ്ദേശിക്കുന്നു. ഇപ്രകാരം പുനരുദ്ധരിക്കപ്പെടുന്ന പദ്ധതികളുടെ മേലിലുള്ള നടത്തിപ്പിലും പരിപാലനവും കർഷകരുടെ സംഘങ്ങളെ ഏല്പിക്കുന്നതാണ്. കമാൻഡ് ഏരിയ വികസന ഏജൻസി (CADA) യുടെ പ്രവർത്തനം കൂടുതൽ പ്രസക്തവും ഉത്പാദനക്ഷമവും ആക്കുന്നതിനായി ഇപ്പോഴുള്ള വൈകല്യങ്ങൾ തിരുത്തുന്നതിനും പങ്കാളിത്ത ജലസേചന മാനേജ്മെന്റ് സമ്പ്രദായം കൊണ്ടുവരുന്ന തിനും വേണ്ടി എന്റെ സർക്കാർ ശ്രമിക്കുന്നതാണ്. കാഞ്ഞിരപ്പുഴ, മൂവാറ്റുപുഴ ജലസേചന പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കുന്നതാണ്. മീനച്ചൽ,

ചാലിയാർ, വാമനപുരം എന്നീ ജലസേചന പദ്ധതികളുടെ സൂക്ഷ്മ പരിശോധന മുൻഗണന നൽകി ഏറ്റെടുക്കുന്നതാണ്. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഉയരം കൂട്ടുന്ന പ്രശ്നത്തിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുമെന്ന് ഉറപ്പ് വരുത്താൻ വേണ്ട നടപടികൾ എന്റെ സർക്കാർ സ്വീകരിക്കുന്നതാണ്.

39. സാമ്പത്തികമായി ദുർബലമായി തീർന്നിട്ടുള്ള കേരള ജല അതോറിട്ടി പുന:സംവിധാനം ചെയ്യേണ്ടതിന്റെ അടിയന്തിരാവശ്യം എന്റെ സർക്കാർ മനസ്സിലാക്കുന്നു. തൊഴിൽപരമായി മേന്മ പുലർത്തുന്ന ഒരു ഏജൻസിയായി കേരള ജല അതോറിറ്റിയെ മാറ്റിയെടുക്കുന്നതിനും അതിന്റെ നേതൃത്വത്തിൽ കുടിവെള്ള രംഗത്ത് സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുകയാണ്. വാണിജ്യാടിസ്ഥാനത്തിൽ പ്രായോഗികമായിട്ടുള്ള കുടിവെള്ള പദ്ധതികളെ സ്വകാര്യമേഖലയുടെ പങ്കാളിത്തത്തിനു വേണ്ടി സർക്കാർ സൂക്ഷ്മ തെരഞ്ഞെടുപ്പിലൂടെ നിർദ്ദേശിക്കുന്നതാണ്. 2007-ാമാ ണ്ടോടുകൂടി "എല്ലാവർക്കും കുടി വെള്ളം" എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനു വേണ്ടി വിവിധ ഏജൻസികളിൽ നിന്നുള്ള ധനസഹായം ലഭ്യമാക്കി ഒരു കുടക്കീഴിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ഒരു സംഘടനയായി കേരള ഗ്രാമീണ ജല വികസന ഏജൻസിയെ രൂപപ്പെടുത്തുന്നതാണ്.

40. വനത്തിൽ അധിവസിക്കുന്നവരുടെ ഉദ്ധാരണത്തോടൊപ്പം തന്നെ വ്യത്യസ്ത പരിസ്ഥിതിയുടെ സുസ്ഥിരമായ വികസനം ഉൾപ്പെടെ സംസ്ഥാനത്ത് വനങ്ങളെയും വന്യജീവികളെയും പരിരക്ഷിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മുഴുവൻ വനങ്ങളുടെയും പങ്കാളിത്തത്തോടെയുള്ള വനപാലനത്തിൽ (PFM) കീഴിൽ കൊണ്ടുവരുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിലേക്കായി 116 പരിസ്ഥിതി വികസനക്കമ്മിറ്റികൾ (EDC) പെരിയാർ, ചിന്നാർ, നെയ്യാർ, പറമ്പിക്കുളം എന്നീ വന്യജീവി സങ്കേതങ്ങളിലും ചുറ്റിലുമായി

രൂപീകരിച്ചിട്ടുണ്ട്. മറ്റ് വനപ്രദേശങ്ങളിലും 199-ഓളം വന സംരക്ഷണ സമിതികൾ (VSS) രൂപീകരിച്ചിട്ടുണ്ട്. ആദിവാസി വനസംരക്ഷണ സമിതികൾ ഉൾക്കൊള്ളുന്ന 400 ജനകീയ സമിതികളും രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ആദിവാസി വനസംരക്ഷണ സമിതികൾക്ക് തടിയല്ലാതെയുള്ള വനോല്പന്നങ്ങൾ ശേഖരിക്കുന്നതിനുള്ള അനുവാദം നൽകുന്നതാണ്.

41. വനമേഖലക്ക് പുറത്തുള്ള ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിന് വേണ്ടി സംസ്ഥാനത്തൊട്ടാകെയുള്ള സന്നദ്ധ സംഘടനകളുടെ സജീവ പങ്കാളിത്തത്തോടെ പങ്കാളിത്ത വന സംരക്ഷണ പരിപാടി (PCP) എന്ന ഒരു നൂതന പരിപാടി ആരംഭിച്ചിട്ടുണ്ട്. ചെന്തുരുണി, നെയ്യാർ, പേപ്പാറ എന്നീ വന്യജീവി സങ്കേതങ്ങളുടെ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന അഗസ്ത്യമല ബയോസ്പിയർ റിസർവ്വ് എന്ന രണ്ടാമത്തെ ബയോസ്ഫിയർ റിസർവ്വ് രൂപീകരിച്ചിട്ടുണ്ട്. ആനമല, പറമ്പിക്കുളം വന്യജീവി സങ്കേതത്തിൽ രണ്ടാമത്തെ കടുവ സംരക്ഷണ കേന്ദ്രം രൂപീകരണ ഘട്ടത്തിലാണ്. വയനാട്, നിലമ്പൂർ, ആനമുടി, പെരിയാർ എന്നിവ പ്രോജക്ട് എലിഫന്റ് എന്ന കേന്ദ്ര ആന സംരക്ഷണ പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. കള്ളക്കടത്ത്, ജൈവമോഷണം, വന്യജീവി വസ്തുക്കളുടെ അനധികൃത വ്യാപാരം, കഞ്ചാവ് കൃഷി എന്നിവ തടയുന്നതിനു വേണ്ടി വന സംരക്ഷണ നടപടികൾ ശക്തിപ്പെടുത്താനുദ്ദേശിക്കുന്നു.

42. ജൈവ വൈവിധ്യത്തിന്റെ സംരക്ഷണത്തിന്റെ ആവശ്യകത എന്റെ സർക്കാർ അംഗീകരിക്കുന്നു. ഈ ദിശയിലുള്ള നടപടികൾ കൈക്കൊള്ളുന്നതുമാണ്. അതുപോലെ വനപ്രദേശത്തിന് പുറത്തുള്ള വനവൽക്കരണം സംസ്ഥാനത്തിന്റെ ഹരിത മേലാപ്പ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി പ്രോത്സാഹിപ്പിക്കുന്നതാണ്.

43. ട്രൈബൽ റീ-സെറ്റിൽമെന്റ് ആന്റ് ഡെവലപ്പ്മെന്റ് മിഷൻ വഴിയായി ഭൂരഹിതരായ 22,653 ആദിവാസി കുടുംബങ്ങളുടെയും ഒരേക്കറിൽ താഴെ ഭൂമിയുള്ള 31,584 ആദിവാസി കുടുംബങ്ങളുടെയും പുനരധിവാസത്തിനും വികസനത്തിനുമായി അഭിമാനകരമായ ഒരു പദ്ധതി എന്റെ സർക്കാർ ഏറ്റെടുക്കുകയുണ്ടായി. വടക്കൻ ജില്ലകളിൽ 68,981.73 ഏക്കർ ഇതിനായി കണ്ടെത്തുകയും അതിൽ 30,779.52 ഏക്കർ നിക്ഷിപ്ത വനഭൂമിയിൽപ്പെട്ടതുമാണ്. ഈ ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള അനുമതിക്കായി ഇന്ത്യാ ഗവൺമെന്റിന് എഴുതിക്കഴിഞ്ഞു. ഇടുക്കി ജില്ലയിൽപ്പെട്ട മറയൂരിലെ 242 ഭൂരഹിത ആദിവാസി കുടുംബങ്ങൾക്കും കുണ്ടളയിലെ 151 കുടുംബങ്ങൾക്കും സർക്കാർ ഭൂമി പതിച്ചു നൽകിക്കഴിഞ്ഞു. കണ്ണൂർ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലും ഉടനെ തന്നെ ഭൂമി നൽകുന്നതാണ്. സംസ്ഥാനത്തെ പട്ടിക വർഗ്ഗക്കാരുടെ സാമൂഹികവും സാമ്പത്തികവും സർവ്വതോന്മുഖവുമായ വികസനത്തിനു വേണ്ടി ആദിവാസികളുടെ സംഘടനകളുമായി പര്യാലോചിച്ച് ഒരു മാസ്റ്റർ പ്ലാന് അന്തിമ രൂപം നൽകി വരികയാണ്. പുനരധിവസിക്കപ്പെട്ട കുടുംബങ്ങൾക്ക് വേണ്ടിയുള്ള വികസന പരിപാടികൾ *ആദിവാസി വികസന ഊരുകൂട്ടം* എന്നറിയപ്പെടുന്ന സ്വയംഭരണാവകാശാധികാരമുള്ള ആദിവാസി സംഘങ്ങൾവഴി നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

44. സംസ്ഥാനത്തെ പട്ടികജാതിക്കാരുടെ ക്ഷേമത്തിന് എന്റെ സർക്കാരിന്റെ ഏറ്റവും മുന്തിയ പരിഗണന ലഭിക്കുന്നതാണ്. കോഴിക്കോട്, ഐ.ഐ.എം-ൽ സ്ഥാപിക്കുമെന്ന് കഴിഞ്ഞ ബജറ്റിൽ വാഗ്ദാനം ചെയ്തിരുന്ന സെന്റർ ഓഫ് എക്സലൻസ് സ്ഥാപിതമായിക്കഴിഞ്ഞു. പട്ടികജാതിയിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികളുടെ ഗുണത്തിനായി കൂടുതൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്റെ സർക്കാർ സ്ഥാപിക്കുന്നതാണ്.

45. വിവര സാങ്കേതികവിദ്യാ വിപ്ലവത്തിന്റെ മുഴുവൻ പ്രയോജനവും നേടിയെടുക്കുന്നതിന് പട്ടിക ജാതിക്കാർക്ക് വേണ്ട പ്രോത്സാഹനം നൽകേണ്ടതുണ്ട്. ഐ.ടി. മേഖലയിൽ പട്ടികജാതി

യുവാക്കൾക്ക് പരിശീലനത്തിനും കൂടാതെ വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള വ്യാപാര വാണിജ്യ രംഗത്ത് തൊഴിൽ സുസാധ്യമാക്കുന്നതിനും വേണ്ടി അവർക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സുസ്ഥിരമായിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ സൊസൈറ്റികൾക്ക് തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കി പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നൽകുന്നതിന് വേണ്ടി സാമ്പത്തിക സഹായം നൽകാനുള്ള ഒരു പദ്ധതിയും എന്റെ സർക്കാർ തയ്യാറാക്കുന്നതാണ്.

46. വാഗ്ദാനം ചെയ്തിരുന്നതുപോലെ തന്നെ കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ 2001 ഡിസംബറിൽ കമ്പനി ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടു എന്ന് ആദരണീയമായ ഈ സഭയെ അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഈ കോർപ്പറേഷൻ അതിന്റെ ഫലപ്രദമായ പ്രവർത്തനം അതിവേഗം ആരംഭിക്കുന്നതാണ്. മരണമടയുന്ന രാജ്യരക്ഷാ ഉദ്യോഗസ്ഥൻമാരുടെ ആശ്രിതരായിട്ടുള്ള മാതാ പിതാക്കൾക്ക് മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്ന് സാമ്പത്തിക സഹായം അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുള്ള കാര്യം അറിയിക്കുന്നതിനും എനിക്ക് സന്തോഷമുണ്ട്.

47. കേരളം എല്ലായ്പ്പോഴും കായിക രംഗത്ത് മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളുടെ കൂട്ടത്തിലാണ്. സർക്കാർ സർവ്വീസിൽ സ്പോർട്ട്സ് ക്വോട്ടയിലുള്ള നിയമനങ്ങളുടെ എണ്ണം 20-ൽ നിന്ന് 40 ആയി സർക്കാർ ഉയർത്തിയിരിക്കുന്നു. സ്പോർട്ട്സ് ക്വോട്ടായിൽ മുൻകാലങ്ങളിൽ നികത്താനുള്ള ഒഴിവുകളും എത്രയും വേഗം നികത്തപ്പെടുന്നതാണ്. സർവ്വർക്കും സ്പോർട്ട്സിലൂടെ ഉത്തമാരോഗ്യം എന്ന നൂതന ആശയം പ്രോത്സാഹിപ്പിക്കാൻ സ്കൂൾ തലത്തിലും ഗ്രാമീണ തലത്തിലും ദ്വിതല കായിക വിനോദ സംവിധാനമാണ് എന്റെ സർക്കാർ പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് ഒരു പദ്ധതി തയ്യാറാക്കുന്നതിന് വേണ്ടി ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

48. സംസ്ഥാനത്തെ വക്കീൽ ഗുമസ്തൻമാരുടെ ക്ഷേമത്തിനു വേണ്ടി ഒരു നിയമ നിർമ്മാണം നടത്തു ന്നതിന് വേണ്ടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ പ്രൊഫഷണൽ നിയമ വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ബാംഗ്ലൂരിലെ നാഷണൽ ലോ സ്കൂൾ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റിയുടെ മാതൃകയിൽ ഒരു സ്വാശ്രയ സ്കൂൾ ഓഫ് ലോ സ്ഥാപിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനും ഉദ്ദേശിക്കുന്നു.

49. പൊതുവിതരണ സമ്പ്രദായത്തിന്റെ നടപ്പിലാക്കൽ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എന്റെ സർക്കാർ നടപടികൾ കൈക്കൊണ്ടു് വരികയാണ്. അന്ത്യോദയ, അന്നയോജന, അന്നപൂർണ്ണ പദ്ധതികളുടെ ഗുണഭോക്താക്കളുടെ തിരിച്ചറിയൽ പൂർത്തിയായി കഴിഞ്ഞു. എല്ലാ ഗുണഭോക്താക്കൾക്കും വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നിട്ട് കൂടി 2001 സെപ്തംബർ മുതൽ ഡിസംബർ വരെ സംസ്ഥാനത്തെ ആദിവാസി കുടുംബങ്ങൾക്കെല്ലാം എന്റെ സർക്കാർ സൗജന്യ റേഷൻ നൽകിയിട്ടുണ്ട്. സംസ്ഥാന ത്തെ പൊതുവിതരണ സമ്പ്രദായത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുവാൻ എന്റെ സർക്കാർ ഇൻഫർമേഷൻ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തും. പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിന് വേണ്ടി സമ്പൂർണ്ണമായ ഒരു ഡിജിറ്റൽ ഡാറ്റാ ബേസ് വികസിപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പുതിയ റേഷൻ കാർഡുകൾ നൽകിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ 4 റേഷൻ കടകളിൽ റേഷൻ കാർഡുകളായി ഇലക്ട്രോണിക് സ്മാർട്ട് കാർഡുകൾ നൽകാനുള്ള ഒരു പൈലറ്റ് പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. രാജ്യത്തെ റേഷനിംഗ് മേഖലയിലെ ഇത്തരത്തിലുള്ള ആദ്യ സംരംഭമാണിത്. സാധാരണക്കാരന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി നിലവിലുള്ള നടപടികൾ കൂടുതൽ ശക്തമാക്കുന്നതിന് എന്റെ സർക്കാർ മാവേലി സ്റ്റോറുകളില്ലാത്ത പഞ്ചായത്തു കളിലെല്ലാം അവ തുടങ്ങുന്നതാണ്. കേരള സംസ്ഥാന

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയായും അഡീഷണൽ മാവേലി മെഡിക്കൽ സ്റ്റോറുകളും തുടങ്ങുന്നതായിരിക്കും.

50. ജില്ലാ താലൂക്ക് തലങ്ങളിൽ ഭൂമി സംബന്ധമായ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണവും സർവ്വേ റിക്കാർഡുകളുടെ ഡിജിറ്റൽവൽക്കരണവും വഴി റവന്യു ഭരണത്തിൽ സുതാര്യതയും കാര്യക്ഷമതയും കൈവരുത്തുന്നതിനായി എന്റെ സർക്കാർ നടപടിയെടുക്കും. 2002 - 2003-ൽ ഏറ്റവും കുറഞ്ഞത് 200 വില്ലേജ് ഓഫീസുകളെങ്കിലും കമ്പ്യൂട്ടർവൽക്കരിക്കും.

51. "മലയോര കർഷക പട്ടയ" കൈവശക്കാർക്ക് അവരുടെ വസ്തു കാർഷിക വായ്പയ്ക്ക് വേണ്ടി പണയപ്പെടുത്തുന്നതിനുള്ള അവകാശം കൊടുക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കശുവണ്ടി, വാനില തോട്ടങ്ങളെ സീലിംഗ് വ്യവസ്ഥകളിൽ നിന്ന് പിൽക്കാല പ്രബല്യത്തോടു കൂടി ഒഴിവാക്കുന്നതിനായി കേരള ഭൂപരിഷ്ക്കരണ നിയമം ഭേദഗതി ചെയ്യുന്നതിനും കൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. എല്ലാ ജില്ലകളിലും 2002 ഡിസംബറോട് കൂടി ജില്ലാ ഡിസാസ്റ്റർ മാനേജ്മെന്റ് പദ്ധതികളുടെ തയ്യാറാക്കൽ പൂർത്തീകരിക്കുന്നതാണ്.

52. അനിയന്ത്രിതമായ മണലൂറ്റ് വഴിയായി സംസ്ഥാനത്തെ നദികളുടെ ജൈവശാസ്ത്രിക പരിസ്ഥിതി വ്യവസ്ഥ ഭീഷണിയിലാണെന്നതിൽ സർക്കാരിന് ഉത്കണ്ഠയുണ്ട്. 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണനിയമവും ഉചിതമായി നടപ്പാക്കുന്നത് ഉറപ്പാക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

53. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പുനരുജ്ജീവിപ്പിക്കുന്നതിന് സാമൂഹിക ഭവന നിർമ്മാണത്തിന് മുന്തിയ പരിഗണന നല്കുന്നതും സാമ്പത്തികമായി

പിന്നാക്കമായിട്ടുള്ള വിഭാഗത്തിന് പ്രത്യേക ഊന്നൽ നല്കിക്കൊണ്ട് എല്ലാവർക്കും ഭവനം എന്നത് ഒരു സംസ്ഥാന തല പദ്ധതിയായി ഏറ്റെടുക്കുന്നതുമാണ്. നേരിട്ടുള്ള വിദേശ സ്വകാര്യ നിക്ഷേപത്തോടെ ആക്കുളത്തും കളമശ്ശേരിയിലും യഥാക്രമം സാറ്റലൈറ്റ് ടൗൺഷിപ്പും ഇൻഡസ്ട്രിയൽ ടൗൺഷിപ്പിനു വേണ്ടിയുള്ള അടിസ്ഥാന വികസന പദ്ധതികളും എറണാകുളത്ത് ഒരു ആധുനിക ഇക്കോ ടൗൺഷിപ്പും സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഏറ്റെടുക്കുന്നതാണ്. സംസ്ഥാനത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ള ഭൂരഹിത ഭവന രഹിതർക്കായി ഒരു ഭവന നിർമ്മാണ പദ്ധതികൂടി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആവിഷ്കരിക്കുന്നതാണ്.

54. ആരോഗ്യപരിപാലനം കൂടുതൽ നീതിപൂർവ്വമാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതിന് അടിസ്ഥാന മൂലധനമായി ഇതുവരെ നേടിയ സാമൂഹ്യ മൂലധനം എന്റെ സർക്കാർ ഉപയോഗപ്പെടുത്തുന്നതാണ്. ദരിദ്രർക്കും ദാരിദ്ര്യ രേഖയ്ക്ക് തൊട്ടടുത്തുള്ളവർക്കുമുള്ള ആരോഗ്യ പരിപാലനത്തിനായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുക. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കു വേണ്ടി ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതാണ്. പാവപ്പെട്ടവർക്കും അഗതികൾക്കും വേണ്ടി സർക്കാർ ആശുപത്രികളിൽ മരുന്നുകൾ നൽകുന്നതിനായി 30 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. പ്രാഥമിക ആരോഗ്യ പരിപാലനം ശക്തിപ്പെടുത്തുന്നതാണ്. പ്രകൃതി ചികിത്സാ വികസനത്തിനായി വർക്കലയിലെ 30 കിടക്കകളുള്ള പ്രകൃതി ചികിത്സാ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്താൻ ഉദ്ദേശിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയോളജി വകുപ്പിൽ ക്ലിനിക്കൽ കെയർ സർവ്വീസ്, പുനരധിവാസ പരിപാടികൾ പ്രിവന്റീവ് കാർഡിയോളജി, ഗവേഷണം എന്നിവ ഏകോപിപ്പിക്കുന്നതിന് വേണ്ടിയും ഒരു അക്കാദമിക് ഫോറമായും 2002-2003-ൽ ഒരു ഹാർട്ട് ഫൗണ്ടേഷൻ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. സെക്കണ്ടറി/ടർഷിയറി വിഭാഗത്തിലുള്ള സർക്കാർ ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിന്

500 കോടി രൂപയ്ക്കുള്ള ലോക ബാങ്ക് സഹായത്തോടെ ആരോഗ്യപരിരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് ഒരു നിർദ്ദേശം എന്റെ സർക്കാർ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പാരാമെഡിക്കൽ ട്രെയിനിംഗ് സ്ഥാപനങ്ങളുടെയും മറ്റ് സേവന കേന്ദ്രങ്ങളുടെയും വമ്പിച്ച വളർച്ചയാണ് ഉണ്ടായിട്ടുള്ളത്. ഇവയിൽ കൂടുതലും വേണ്ടത്ര സ്റ്റാഫോ സജ്ജീകരണങ്ങളോ ഇല്ലാത്തവയാണ്. ഇത്തരം പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ നിലവാരം ഉറപ്പാക്കുന്നതിനും പരിശീലനത്തിനുള്ള പാഠ്യപദ്ധതിയും ജീവനക്കാരുടെ യോഗ്യതയും നിർണ്ണയിക്കുന്നതിനും വേണ്ടി ഒരു പ്രൊഫഷണൽ പാരാമെഡിക്കൽ കൗൺസിൽ ആരംഭിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

55. ആരോഗ്യ മേഖലയിൽ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് സെക്കണ്ടറി/ടർഷിയറി തലത്തിലെ ആരോഗ്യപരിപാലനം താങ്ങാവുന്ന തരത്തിലാക്കുന്നതിനും ആരോഗ്യമേഖലയിൽ പൊതു-സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനും എന്റെ സർക്കാർ ഒരു വമ്പിച്ച തുടക്കം തന്നെ കുറിച്ചിട്ടുണ്ട്. ആരോഗ്യ രക്ഷാ സേവനം, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ, പേവാർഡ് നിർമ്മാണം പോലുള്ള ഇൻപേഷ്യന്റ് സൗകര്യങ്ങൾ, ആശുപത്രികളിലെ ബയോമെഡിക്കൽ മാലിന്യ നിർമ്മാർജ്ജന പരിപാടികൾ, രോഗികളുടെ കൂട്ടിരിപ്പുകാർക്കുള്ള താമസ സൗകര്യംപോലുള്ള സേവനങ്ങൾ മുതലായ ആരോഗ്യ പരിപാലന അടിസ്ഥാന സൗകര്യങ്ങളും, സ്വകാര്യ മേഖല, മനുഷ്യ സ്നേഹികൾ, ധർമ്മ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നിക്ഷേപം പ്രോത്സാഹിപ്പിക്കുക വഴിയായി വികസിപ്പിക്കാവുന്നതാണ്. സ്വാശ്രയ മെഡിക്കൽ കോളേജുകളും ആയുർവേദ കോളേജുകളും സിദ്ധ കോളേജുകളും സ്ഥാപിക്കുന്നതാണ്. മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വേണ്ടി സ്വീഡനുമായി പഠന കൈമാറ്റ പരിപാടികളും എന്റെ സർക്കാർ സംഘടിപ്പിക്കുന്നുണ്ട്.

56. സംസ്ഥാനത്ത് മൂല്യവർദ്ധിത നികുതിയുടെ രൂപത്തിൽ നികുതി പരിഷ്ക്കരണങ്ങൾ നടപ്പിൽ വരുത്തുന്നതിന് സംസ്ഥാനത്തെ

സജ്ജമാക്കുന്നതിനുള്ള നടപടികൾ എന്റെ സർക്കാർ ആരംഭിച്ചിട്ടുണ്ട്. നികുതി പരിഷ്കരണത്തിനുവേണ്ടിയുള്ള ധനകാര്യ മന്ത്രിമാരുടെ അധികാരപ്പെടുത്തിയ കമ്മിറ്റിയിൽ മൂല്യവർദ്ധിത നികുതി നടപ്പിലാക്കുന്നത് 2003 ഏപ്രിലിലേക്ക് മാറ്റി വയ്ക്കുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ കൂടുതൽ സുതാര്യവും ഫലപ്രദവുമായ പുതിയ നികുതി ഭരണത്തിലേക്ക് സുഗമമായ മാറ്റം ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്തിന് വേണ്ടത്ര സമയം ലഭിക്കുന്നതാണ്. ഇതിന് മുന്നോടിയായി വാണിജ്യ-നികുതി വകുപ്പ് ആധുനികവൽക്കരിക്കുന്നതിന് എന്റെ സർക്കാർ നടപടികൾ എടുത്തിട്ടുള്ളതും വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം 2002-2003-ൽ പൂർത്തീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഇതോടൊപ്പം മെച്ചപ്പെട്ട നികുതി ഭരണവും സുതാര്യതയും നേടിയെടുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. നികുതി ഘടന യുക്തിസഹമാക്കിക്കൊണ്ടും പൊതുജന അവബോധത്തിലൂടെയും വകുപ്പു ജീവനക്കാരുടെ പരിശീലനത്തിലൂടെയും സ്വമേധയാ നികുതി നല്കുന്നതിനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

57. കഴിഞ്ഞ കുറെ വർഷങ്ങളായി ക്ഷേമ പെൻഷനുകളുടെ കുടിശ്ശികകൾ കുമിഞ്ഞുകൂടിയിട്ടുണ്ട്. വരുന്ന രണ്ടു വർഷം കൊണ്ട് ഈ കുടിശ്ശിക ഘട്ടം ഘട്ടമായി കൊടുത്തു തീർക്കുക എന്നതായിരിക്കും എന്റെ സർക്കാരിന്റെ ശ്രമം.

58. കേരളത്തിൽ തൊഴിലില്ലായ്മ അമ്പരപ്പിക്കുന്ന നിരക്കിൽ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം 44 ലക്ഷം കവിയുന്നു. അതേ സമയം ഓരോ വർഷവും ഏതാണ്ട് 16000 പേർക്ക് മാത്രമേ നിയമനം കൊടുക്കുവാനാകുന്നുള്ളു. കൂടാതെ കാർഷിക മേഖലയിലും പരമ്പരാഗത വ്യാവസായിക മേഖലയിലും തിരിച്ചറിയാത്ത തരത്തിലുള്ള തൊഴിലില്ലായ്മയും യോഗ്യതയ്ക്കൊത്ത തൊഴിൽ ഇല്ലായ്മയും നിലനില്ക്കുന്നു. വളരെ കുറച്ചു ഒഴിവുകളിലേക്കുള്ള

അപേക്ഷകരുടെ നീണ്ട ക്യൂ സംസ്ഥാനത്ത് വളരെ പരിമിതമായിമാത്രം ഉണ്ടാകുന്ന തൊഴിൽ അവസരങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നത്. 10-ാം പദ്ധതിയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് സ്വകാര്യ നിക്ഷേപവും വലിയൊരളവിൽ സമാഹരിക്കുന്നതാണ്. ഇത്തരത്തിലുള്ള ഇരുണ്ട ഒരു തൊഴിൽ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തണമെന്നുള്ള ആവശ്യത്തോട് യോജിക്കാൻ എന്റെ സർക്കാരിന് നിർവ്വാഹമില്ല.

59. കേരളം നിക്ഷേപകർക്ക് കുറെക്കൂടി സൗഹൃദപൂർണ്ണമായ ഒരു ലക്ഷ്യസ്ഥാനം ആകുന്നതിനുവേണ്ടിയും അസംഘടിത മേഖലയിൽ ദുർബ്ബലരായിട്ടുള്ള തൊഴിലാളികളുടെ ആവശ്യങ്ങൾ നിറവേറ്റാനായി സാമൂഹ്യ സുരക്ഷാ സംവിധാനം പുനഃക്രമീകരിക്കുന്നതിനുമായി എന്റെ സർക്കാർ ഒരു കരട് തൊഴിൽ നയം പ്രഖ്യാപിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നിരോധിക്കുന്നതിനായി ഒരു പ്രത്യേക നിയമനിർമ്മാണം നടത്തുന്നതാണ്. കാലഹരണപ്പെട്ട തൊഴിൽ നിയമങ്ങളും ചട്ടങ്ങളും പരിഷ്ക്കരിക്കുന്നതിനായി വിദഗ്ധരുടെ ഒരു സമിതി രൂപീകരിക്കുന്നതാണ്. പുതിയ ക്ഷേമ നടപടികൾ സ്ത്രീ തൊഴിലാളികളെയും ട്രൈബൽ തൊഴിലാളികളെയും മറ്റ് തിരിച്ചറിയപ്പെട്ട ദുർബ്ബല വിഭാഗങ്ങളെയും കേന്ദ്രീകരിച്ചിട്ടുള്ളതായിരിക്കും. ഭരണച്ചെലവ് കുറയ്ക്കുന്നതിനും ധനവിനിയോഗം കാര്യക്ഷമമാക്കുന്നതിനും വേണ്ടി തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകൾ ഒരു വർഷത്തിനകം കമ്പ്യൂട്ടർവൽക്കരിക്കുന്നതാണ്. സാമൂഹ്യ സുരക്ഷാ കാർഡുകൾ നടപ്പിലാക്കുന്നതാണ്. ക്ഷേമനിധി ബോർഡുകളെ സംബന്ധിക്കുന്ന നിയമങ്ങളും ചട്ടങ്ങളും യുക്തി സഹമാക്കുകയും നവീകരിക്കുകയും ചെയ്യും.

60. കേന്ദ്രത്തിൽ നിന്നുള്ള പ്രത്യേക സഹായം ഉപയോഗിച്ച് പ്രധാനപ്പെട്ട നാല് ജില്ലകളിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പത്താം പഞ്ചവത്സര പദ്ധതിക്കാലത്ത് വയനാട്ടിലും പത്തനംതിട്ടയിലും വനിതകൾക്ക് വേണ്ടി രണ്ടു പുതിയ ഐ.ടി.ഐ.കൾ വിഭാവനം ചെയ്യുന്നുണ്ട്. പുതിയ തൊഴിൽ വിപണിയുടെ ആവശ്യങ്ങൾക്കനുസൃതമായി ഐ.ടി.ഐ.കൾ നല്കിയിരുന്ന പരിശീലന കോഴ്സുകളുടെ സമഗ്രമായ ഉടച്ചു വാർക്കൽ എന്റെ സർക്കാർ ഏറ്റെടുക്കും. ഇപ്പോഴുള്ള ഇൻഡസ്ട്രിയൽ ഹൈജീൻ ലബോറട്ടറി "ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒക്കുപ്പേഷണൽ സേഫ്റ്റി ആന്റ് ഹെൽത്ത്" എന്ന പേരിൽ ഒരു സ്വയംഭരണ യൂണിറ്റായി മാറ്റിയെടുക്കുന്നതിന് എന്റെ സർക്കാർ ശ്രമിക്കുന്നതാണ്.

61. സ്വകാര്യ പങ്കാളിത്തത്തോടെ നഗര പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം, സൗന്ദര്യവൽക്കരണം ശുചീകരണം എന്നിവയ്ക്ക് വേണ്ടിയുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പുതിയ അർബൻ നയം എന്റെ സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിന് പുറമേ ചേരികളിൽ ഭവന നിർമ്മാണത്തിനുവേണ്ടി "വാല്മീകി അവാർസ് യോജന" സർക്കാർ നടപ്പിലാക്കുന്നതാണ്. കുടുംബശ്രീ ശൃംഖല സംസ്ഥാനം ഒട്ടാകെ വ്യാപിപ്പിക്കുന്നതാണ്. സാമ്പത്തികമായും പാരിസ്ഥിതികമായും പൊരുത്തപ്പെടുന്ന തരത്തിൽ കേരളത്തിലെ ഓരോ വീടിനെയും വരുമാനമുണ്ടാക്കുന്ന യൂണിറ്റുകളായി മാറ്റിയെടുത്ത് വരുമാനമുള്ള തൊഴിലവസരങ്ങളുണ്ടാക്കാനായി കുടുംബസംഗമമെന്ന ഒരു സുസ്ഥിര വികസന പദ്ധതി നടപ്പിലാക്കുന്നതാണ്. തദ്ദേശ സ്ഥാപനങ്ങളുടെ ആഡിറ്റ് ശക്തിപ്പെടുത്തുന്നതാണ്. കേരള നഗരവികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ മുനിസിപ്പൽ-പഞ്ചായത്ത് ജീവനക്കാർക്കു വേണ്ടി പുതിയ ഒരു ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്. പരിസ്ഥിതിക്കിണങ്ങുന്ന നൂതനമായ ഒരു "എക്കോസിറ്റി പ്രോജക്റ്റ്" കോട്ടയവും ചേർന്ന്കിടക്കുന്ന

പഞ്ചായത്തുകളും ഉൾപ്പെടുത്തിക്കൊണ്ട് സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

62. കന്നുകാലികളുടെ ആരോഗ്യപരിപാലനവും പ്രജനനവും സംബന്ധിച്ച് കന്നുകാലി കർഷകർക്കുള്ള ഭാരം ഒഴിവാക്കുന്നതിന് ഇൻഷുറൻസ് ഏജൻസികളുടെ സജീവ പങ്കാളിത്തത്തോടുകൂടി കന്നുകാലി ആരോഗ്യ പരിപാലന വ്യവസ്ഥ പുനഃസംഘടിപ്പിക്കുവാൻ എന്റെ സർക്കാർ ശ്രമിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തോടുകൂടി വൻതോതിലുള്ള പ്രതിരോധ കുത്തിവയ്പ് വഴി എല്ലാ പകർച്ച വ്യാധികളും നിർമ്മാർജ്ജനം ചെയ്യുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ക്ഷീര വികസന വകുപ്പിന്റെയും കേരള കന്നുകാലി വികസന ബോർഡിന്റെയും പങ്കാളിത്തം ഉത്തേജിപ്പിച്ചുകൊണ്ട് കാലിത്തീറ്റ വികസനത്തിന് പ്രത്യേക ഊന്നൽ നൽകുന്നതാണ്.

63. എല്ലാ ഐ.സി.ഡി.എസ് സെന്ററുകളും സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള റിസോഴ്സ് സെന്ററുകളായി പരിപോഷിപ്പിച്ച് വികസിപ്പിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനുള്ള അടിസ്ഥാനം ജീവിതചക്ര സമീപനം ആയിരിക്കുന്നതും വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, തൊഴിൽ പരിശീലനം, മൈക്രോ എന്റർപ്രൈസസുകൾ മുതലായവ പോലുള്ള സജീവ ഘടകങ്ങൾ ഉൾപ്പെടുത്തി ഒരു ഹോളിസ്റ്റിക് സമീപനത്തിനായി ശ്രമിക്കുന്നതാണ്. ക്ഷേമഭവനങ്ങളുടെ അപസ്ഥാപനവൽക്കരണവും പരിഗണിക്കുന്നതായിരിക്കും.

64. സംസ്ഥാനത്തെ യുവാക്കൾ സംസ്ഥാനത്തിന്റെ ഭാവി വാഗ്ദാനങ്ങളാണ്. അവർ ജനസംഖ്യയുടെ ഏതാണ്ട് 37% വരും. യുവാക്കളുടെ ക്ഷേമത്തിനും വികസനത്തിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാനത്തെ യുവജന പ്രവർത്തനങ്ങളുടെയെല്ലാം ഒരു നോഡൽ ഏജൻസിയായി "യൂത്ത്

വെൽഫെയർ ബോർഡ് പ്രവർത്തിക്കുന്നതാണ്. യുവാക്കൾക്കു വേണ്ടിയുള്ള ഒരു ഇൻഫർമേഷൻ സെന്ററായും അത് പ്രവർത്തിക്കുന്നതാണ്. ഏറ്റവും മികച്ച യുവജന പ്രവർത്തകർക്കും യുവജന ക്ലബ്ബുകൾക്കും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും അവാർഡുകൾ ഏർപ്പെടുത്തുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ നെഹ്റു യുവക് കേന്ദ്രത്തെ പൂർണ്ണമായും ഊർജ്ജസ്വലമാക്കുന്നതാണ്.

65. സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എന്റെ സർക്കാർ കൈക്കൊള്ളുന്നതാണ്. സംസ്ഥാനത്തുടനീളം നടപ്പിലാക്കാനു ദ്ദേശിക്കുന്ന I.T.@ School പദ്ധതിയെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു കഴിഞ്ഞു. കരിക്കുലം തയ്യാറാക്കൽ പാഠപുസ്തകങ്ങളുടെയും മൾട്ടി-മീഡിയകളുടെയും ഉള്ളടക്കം, അദ്ധ്യാപകരുടെ പരിശീലനം, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, വിവര സമാഹരണം എന്നു തുടങ്ങി സ്കൂളുകളിലെ കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന്റെ എല്ലാ പ്രശ്നങ്ങളെയും കുറിച്ചുള്ളതാണ് ഈ പദ്ധതി. ഇതിനു പുറമെ ഹൈസ്കൂളുകളിലെ ശാസ്ത്രം, ഗണിത ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം എന്നിവയുടെ പഠനം മെച്ചപ്പെടുത്തുന്നതിനും എന്റെ സർക്കാർ നടപടിയെടുക്കുന്നതാണ്. ജൈവ - കമ്പോസ്റ്റ്, ബുക്ക് കീപ്പിംഗ്, സ്ക്രീൻ പ്രിന്റിംഗ്, ചോക്ക് നിർമ്മാണം, ബുക്ക് ബയന്റിംഗ്, അഗർബത്തി നിർമ്മാണം, പ്ലാസ്റ്റർ ഓഫ് പാരീസ് എന്നീ മേഖലകളിൽ തൊഴിലധിഷ്ടിത വിദ്യാഭ്യാസം സെക്കന്ററി സ്കൂളുകളിൽ പഠനത്തിന്റെ അഭിവാജ്യ ഘടകമായി നടത്തുന്നതാണ്. പഠനകാലത്തിനിടയിൽ വരുമാനമുണ്ടാക്കാൻ കുട്ടികളെ സഹായിക്കാൻ ഹൈസ്കൂളുകളിൽ തൊഴിലധിഷ്ടിത വിദ്യാഭ്യാസം നൽകും. ഇംഗ്ലീഷിനുള്ള ജില്ലാ കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ട് സ്കൂളുകളിലെ ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തുന്നതിന് എന്റെ സർക്കാർ ഊന്നൽ കൊടുക്കുന്നതാണ്. അതുപോലെ സംസ്കൃത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും ദരിദ്ര സാഹചര്യങ്ങളിലുള്ള സംസ്കൃത പണ്ഡിതൻമാർക്ക് സാമ്പത്തിക സഹായവും നൽകികൊണ്ട് സംസ്കൃത വിദ്യാഭ്യാസത്തിന്റെ വികസനത്തിനായി

യത്നിക്കുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ "സർവ്വ ശിക്ഷാ അഭിയാൻ" നടപ്പിലാക്കുന്നതാണ്.

66. 2001-2002 അദ്ധ്യായന വർഷം സർവ്വകലാശാലകളിൽ നിന്ന് പ്രീഡിഗ്രി വേർപെടുത്തുന്ന പ്രക്രിയ പൂർത്തിയാക്കപ്പെടുന്നതാണ്. ഹയർ സെക്കന്ററി കോഴ്സുകളുമായി ബന്ധപ്പെട്ട അക്കാഡമിക് വിഷയങ്ങളിന്മേൽ ഉപദേശം ആരായുന്നതിന് വേണ്ടി ഒരു കരിക്കുലം കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 2001-2002 അദ്ധ്യായന വർഷം മുതൽ ഹയർ സെക്കന്ററി കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷനും എന്റെ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. ഏതാണ്ട് ഒരു ലക്ഷത്തോളം വിദ്യാർത്ഥികൾ പ്രൈവറ്റായി ചേരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

67. സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷ മലയാളമാണ്. പടിപടിയായും സമയ ബന്ധിതമായും എല്ലാ വകുപ്പുകളുടെയും പ്രവർത്തനം മലയാളത്തിലാക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പ്രത്യേകിച്ചും ജനങ്ങളുമായി നേരിട്ട് ഇടപഴകുന്ന വകുപ്പുകളിൽ മലയാളത്തിലുള്ള സോഫ്റ്റ്‌വെയർ പ്രോഗ്രാം വികസിപ്പിച്ച് കഴിഞ്ഞിട്ടുണ്ട്. ഇത് എല്ലാതരത്തിലും മലയാളത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുമെന്നാണ് കരുതുന്നത്. പുതുതായി വികസിപ്പിച്ചെടുത്ത മലയാളം സോഫ്റ്റ്‌വെയർ എല്ലാ പഞ്ചായത്ത് ഓഫീസുകളും ഉപയോഗിച്ചു തുടങ്ങുന്നതാണ്.

68. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ദരിദ്ര്യ സമൂഹത്തിന്റെ ജീവിതനിലവാരം ഉയർത്തുന്നതിനുമുള്ള ഫലപ്രദമായ ഒരു സംവിധാനമായി സഹകരണമേഖലയെ പ്രാപ്തമാക്കുക എന്നതായിരിക്കും എന്റെ സർക്കാരിന്റെ നയം. ക്രെഡിറ്റ് സഹകരണ സംഘങ്ങളിൽ നിന്ന് വായ്പയെടുക്കുകയും കുടിശ്ശിക വരുത്തുകയും ചെയ്തിട്ടുള്ള കർഷകർ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങൾക്ക് ഒരാശ്വാസ നടപടിയെന്നുള്ള നിലയിൽ ഒറ്റത്തവണയായി കടം തീർക്കുന്നതിനുള്ള ഒരു പദ്ധതി എന്റെ സർക്കാർ

നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതി പ്രകാരം 31.3.2002 ന് മുമ്പായി വായ്പക്കാരൻ കൊടുക്കേണ്ട തുക കൊടുത്ത് തീർക്കുകയാണെങ്കിൽ മുഴുവൻ പിഴപലിശയും ഇളവ് ചെയ്ത് കൊടുക്കുന്നതാണ്. ക്രെഡിറ്റ് സഹകരണ സംഘങ്ങളിൽ നിന്നും നൽകിയിട്ടുള്ള വായ്പകളിന്മേലുള്ള പലിശനിരക്ക് കുറച്ചിട്ടുണ്ട്. നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷന്റെ ധനസഹായത്തോടെ കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ നടപ്പിലാക്കേണ്ട പുതിയ സംയോജിത സഹകരണ വികസന പരിപാടികൾക്ക് വേണ്ടിയുള്ള പദ്ധതി നടപ്പാക്കൽ ടീമിന്റെ നിയമനത്തിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. സംയോജിത സഹകരണ വികസന പരിപാടി തിരുവനന്തപുരം ജില്ലയിലേക്കു കൂടി വ്യാപിപ്പിക്കുന്നതാണ്. ജില്ലാ സഹകരണ ബാങ്കുകളുടെ ഇപ്പോഴത്തെ പ്രവർത്തനത്തെക്കുറിച്ച് പഠിക്കുന്നതിനും ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുതിനും വേണ്ടി ഒരു വിദഗ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് പ്രൊവിഷൻസ് ആക്ടിൻ കീഴിൽ വരുന്ന സഹകരണ മേഖലയിലെ ജീവനക്കാർക്ക് വേണ്ടി ഒരു ബദൽ സംവിധാനം തയ്യാറാക്കുന്നതിനായി മറ്റൊരു വിദഗ്ദ്ധ സമിതിയെയും നിയമിച്ചിട്ടുണ്ട്. സർക്കാർ ഏറ്റെടുത്തിട്ടുള്ള കണ്ണൂരിലെ കേരള സംസ്ഥാന സഹകരണ ആശുപത്രി കോപ്ളക്സും, സെന്റർ ഫോർ അഡ്വാൻസഡ് മെഡിക്കൽ സർവ്വീസസ് ലിമിറ്റഡും വീണ്ടും സഹകരണ മേഖലയിലേക്ക് കൊണ്ടുവന്നിട്ടുണ്ട്. കൂടുതൽ പ്രൊഫ ഷണൽ കോളേജുകൾ സഹകരണ മേഖലയിൽ തുടങ്ങുന്നതാണ്. പത്തനംതിട്ട, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ മൂന്ന് എഞ്ചിനീയറിംഗ് കോളേജുകൾ കൂടി ഈ മേഖലയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് സെൽഫ് ഫിനാൻസിംഗ് പെൻഷൻ സ്കീം സഹകരണ മേഖലയിലെ എല്ലാ ജീവനക്കാർക്കും ബാധകമാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ആനുകൂല്യം 1.1.74-ന് ശേഷം സർവ്വീസിൽ നിന്ന് വിരമിക്കുകയും

ഇപ്പോൾ ജീവിച്ചിരിക്കുകയും ചെയ്യുന്ന ജീവനക്കാർക്ക് നൽകുവാനാണുദ്ദേശിക്കുന്നത്.

69. സഹകാരികളുമായി വിശദമായ ചർച്ചകൾക്കുശേഷം ഒരു സ്വാശ്രയ സഹകരണ സംഘം ആക്ട് കൊണ്ടുവരുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. നിർദ്ദിഷ്ട ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന സംഘങ്ങൾ സർക്കാർ നിയന്ത്രണങ്ങളിൽ നിന്ന് സ്വതന്ത്രമായിരിക്കുന്നതും ഈ സംഘങ്ങൾക്ക് സർക്കാരിൽ നിന്ന് യാതൊരു സാമ്പത്തിക പിന്തുണയും ഉണ്ടായിരിക്കുന്നതുമല്ല. കൂടാതെ സഹകരണ മേഖലയിലെ പണസംബന്ധമായിട്ടുള്ള തല്ലാത്ത തർക്കങ്ങൾ തീർപ്പാക്കുന്നതിന് ഒരു ആർബിട്രേഷൻ കോടതി ഈ വർഷം സ്ഥാപിക്കുന്നതാണ്.

70. വർദ്ധിച്ചു വരുന്ന ഗതാഗത ആവശ്യങ്ങൾ നേരിടുന്നതിനും തീരദേശ കപ്പൽ വ്യാപാരം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ഏതാനും ചെറുതും ഇടത്തരവുമായ തുറമുഖങ്ങൾ ബി.ഒ.ടി. അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിന് എന്റെ സർക്കാർ നടപടിയെടുത്ത് വരുന്നു. ഇന്ത്യൻ കപ്പലുകളിലും വിദേശ കപ്പലുകളിലും തൊഴിൽ നേടുവാൻ ആഗ്രഹിക്കുന്നവർക്ക് കോഴ്സുകൾ ആരംഭിക്കുന്നതിന് വേണ്ടി 2002-2003 വർഷക്കാലത്ത് തിരുവനന്തപുരത്ത് ഒരു മാരിടൈം അക്കാഡമി സ്ഥാപിക്കുന്നതാണ്.

71. പത്താം പദ്ധതിക്കാലത്ത് മത്സ്യബന്ധന മേഖലയിലെ എല്ലാ വികസന പ്രവർത്തനങ്ങളെയും സംബന്ധിച്ച് ജനത്തെ കേന്ദ്രീകരിച്ചുള്ള ഒരു സാമൂഹിക സമീപനം ആയിരിക്കും എന്റെ സർക്കാർ കൈക്കൊള്ളുന്നത്. ഈ മേഖലയുടെ സുസ്ഥിരമായ വളർച്ച ഉറപ്പാക്കുന്നതിന് പരിരക്ഷണ മാനേജ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുന്നതാണ്. ഉൾനാടൻ മേഖലയിലെ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതും മത്സ്യത്തൊഴിലാളികളുടെയും മത്സ്യകൃഷിക്കാരുടെയും അറ്റാദായം അനുഗുണമായ കൃഷി

സമ്പ്രദായവും മാനേജ്മെന്റും നടപ്പിലാക്കുക വഴി വർദ്ധിപ്പിക്കുന്നതുമാണ്. പുതിയ ബഹുവിധയിനം ചെമ്മീൻ ഹാച്ചറികൾ സ്ഥാപിക്കുന്നതാണ്. ജലസംഭരണികളുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതാണ്. ജപ്പാന്റെ ധനസഹായത്തോടെ മത്സ്യ ഫെഡിന്റെ വല ഫാക്ടറി വികസിപ്പിക്കുന്നതാണ്. സൗജന്യനിരക്കിലും മതിയായ അളവിലും മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിതരണം ഉറപ്പാക്കുന്നതിനു വേണ്ടി ഒരു മണ്ണെണ്ണ വിതരണ സമ്പ്രദായം ആവിഷ്ക്കരിക്കുന്നതാണ്. അഞ്ഞൂറു കോടി മതിപ്പു ചെലവിൽ സാമൂഹിക അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടി ഒരു സംയോജിത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. മത്സ്യബന്ധന ഉപകരണങ്ങളുടെ പ്രാപ്യത, മത്സ്യബന്ധന വിഭവങ്ങൾ, മത്സ്യത്തിന്റെ ആദ്യവില്പന അവകാശം, അടിസ്ഥാന സൗകര്യം, വിപണികൾ, ഉല്പാദകന്റെയും ഉപഭോക്താവിന്റെയും അവകാശങ്ങളുടെ പാലനവും സംരക്ഷണവും എന്നിങ്ങനെയുള്ള വിവിധ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമഗ്ര നിയമ നിർമ്മാണം കൊണ്ടുവരുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തീര വികസന അതോറിറ്റി സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള സ്പെഷ്യൽ ഓഫീസർമാരുടെ റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞു. ഇത് അതിവേഗം പരിശോധിക്കുന്നതും അതോറിറ്റി ഈ വർഷം തന്നെ പ്രവർത്തന ക്ഷമം ആകുന്നതുമാണ്.

72. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ തുടർന്നു കൊണ്ടിരിക്കുന്ന ധനനഷ്ടത്തെക്കുറിച്ച് എന്റെ സർക്കാരിന് ഉത്കണ്ഠയുണ്ട്. 25% താരിഫ് വർദ്ധനയും കെ.എസ്.ഇ.ബി. കൈക്കൊണ്ട മിതവ്യയ നടപടികളും 2001 മേയ് മാസത്തിൽ പ്രതിമാസം 160 കോടി രൂപ ആയിരുന്ന ധനനഷ്ടം ഇന്ന് പ്രതിമാസം 90 കോടി രൂപയായി കുറച്ചിട്ടുണ്ട്. വൈദ്യുതി മേഖലയിൽ സമഗ്രമായ പരിഷ്ക്കരണത്തിന്റെ ആവശ്യകത എന്റെ സർക്കാർ മനസ്സിലാക്കുന്നു. അതിൻ പ്രകാരം സമയബന്ധിതമായി നടപ്പിലാക്കേണ്ട വൈദ്യുതി മേഖലാ പരിഷ്ക്കാരങ്ങൾ കൊണ്ടു വരുന്നതിനായി ഇന്ത്യാ ഗവൺമെന്റുമായി ഒരു ധാരണാ പത്രത്തിൽ

എന്റെ സർക്കാർ ഒപ്പുവെച്ചിട്ടുണ്ട്. വൈദ്യുതി മേഖലയിൽ ബന്ധപ്പെട്ടവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ താമസിയാതെ രൂപീകരിക്കുന്നതാണ്.

73. അടുത്ത 5 വർഷക്കാലം കൊണ്ട് വൈദ്യുതിയുടെ ആകെ വാർഷിക ഉപഭോഗം 13,000 ദശലക്ഷം യൂണിറ്റിൽ നിന്ന് 23,000 ദശലക്ഷം യൂണിറ്റായി വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രസരണ വിതരണ നഷ്ടം പരമാവധി കുറയ്ക്കുന്നതിനും സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ജോലികൾ ത്വരിതപ്പെടുത്തുന്നതിനും വിതരണ രംഗം വിപുലപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നതാണ്. സംസ്ഥാന വൈദ്യുതി ബോർഡിന്റെ ചെലവ് പരമാവധി കുറയ്ക്കുന്നതിനായി കർശനമായ വ്യയനിയന്ത്രണ നടപടികൾ സർക്കാർ ആരംഭിച്ചു കഴിഞ്ഞു. ശരിയായ സ്റ്റോക്ക് നിയന്ത്രണം, സാധനസാമഗ്രികളുടെ വാങ്ങൽ രീതി ലളിതവും സുസംഘടിതവുമാക്കൽ, ജീവനക്കാരുടെ ആധിക്യം കുറയ്ക്കൽ എന്നിവയ്ക്കായി ആരംഭിച്ചു കഴിഞ്ഞിട്ടുള്ള നടപടികൾ തുടരുന്നതാണ്. അതോടൊപ്പം തന്നെ റവന്യൂ - കുടിശ്ശിക പിരിവിനുള്ള തീവ്ര നടപടികളും നടപ്പിലാക്കി വരുന്നു. 10-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് സംസ്ഥാനത്തെ എല്ലാ വീടുകളും വൈദ്യുതീകരിക്കുക എന്ന ലക്ഷ്യം നേടുന്നതിനുവേണ്ടി 2002-2003-ൽ 5 ലക്ഷം കണക്ഷനുകൾ എന്ന ലക്ഷ്യത്തോടെ ഗ്രാമ-നഗര പ്രദേശങ്ങളിലെ വീടുകളിലെ വൈദ്യുതീകരണം ത്വരിതപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. കൂടുതൽ സബ് സ്റ്റേഷനുകളും, സെക്ഷനുകളും, കളക്ഷൻ സെന്ററുകളും തുറന്നു കൊണ്ടും ഘട്ടം ഘട്ടമായി ബില്ലിംഗും റവന്യൂ കളക്ഷനും കമ്പ്യൂട്ടർ വല്ക്കരിച്ചു കൊണ്ടും ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു.

74. വനഭൂമിക്കുണ്ടാകാവുന്ന ആഘാതങ്ങളും ജൈവ വൈവിദ്ധ്യത്തിനുണ്ടാകാവുന്ന ദോഷങ്ങളും പരമാവധി കുറച്ചു

കൊണ്ട് പരിസ്ഥിതിക്ക് ഏറ്റവും ഇണങ്ങുന്ന തരത്തിൽ നമ്മുടെ 44 നദികളുടെ ജലവൈദ്യുതോല്പാദനശേഷി പ്രയോജനപ്പെടുത്തുന്നതിനും മാർഗ്ഗങ്ങൾ ആരായുന്നതും നടപ്പിലാക്കുന്നതുമാണ്. കുറ്റിയാർകുറ്റി - കാരപ്പാറ, അച്ചൻകോവിൽ - കല്ലാർ മുതലായ ഇപ്പോൾ നിലവിലുള്ള പദ്ധതികൾ ഏറ്റവും മിതമായ വനനഷ്ടത്തോടെ നടപ്പിലാക്കുന്നതിനായി പുനരാവിഷ്കരിക്കുന്നതാണ്. പഴയ ജലവൈദ്യുത പദ്ധതികളുടെ പുതുക്കിപ്പണിയൽ, ആധുനിക വത്കരണം, അപ്റേറ്റിംഗ് എന്നിവയ്ക്ക് വൈദ്യുതോല്പാദനം മെച്ചപ്പെടുത്തുന്നതിനും നിയന്ത്രണ സംവിധാനം ആധുനിക വല്ക്കരിക്കുന്നതിനുമുള്ള നടപടികളിൽ മുൻഗണന നല്കുന്നതാണ്. ലോഡ് ഡെസ്പാച്ചിംഗും വിതരണ മാനേജ്മെന്റ് ഇൻഫർമേഷൻ സംവിധാനവും കമ്പ്യൂട്ടർ വല്ക്കരിച്ച് ആധുനികമാക്കും.

75. നാഫ്ത അടിസ്ഥാനമാക്കിയുള്ള കായംകുളം താപവൈദ്യുത നിലയത്തിൽനിന്നുള്ള ഊർജ്ജത്തിന്റെ ഉയർന്ന വില വൈദ്യുതി ബോർഡിന് മാത്രമല്ല ഉപഭോക്താക്കൾക്കും ഉത്കണ്ഠ ഉണ്ടാക്കുന്നു എന്നുള്ളത് എന്റെ സർക്കാരിന് ബോദ്ധ്യമുള്ളതാണ്. താങ്ങാവുന്ന നിരക്കിൽ ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ദ്രവീകൃത പ്രകൃതി വാതകം അടിസ്ഥാനമാക്കിയുള്ള ഒരു സൂപ്പർ താപ വൈദ്യുതനിലയമാക്കി ഈ നിലയത്തെ വികസിപ്പിക്കുന്നതിന് സർക്കാർ ആവശ്യമായ നടപടികളെല്ലാം സ്വീകരിക്കുന്നതാണ്.

76. മധുരയിൽ നിന്ന് തിരുവനന്തപുരത്തേക്കുള്ള 400 കെ.വി. ലൈൻ പൂർത്തിയാക്കാൻ എല്ലാ ശ്രമങ്ങളും ചെയ്യുന്നതോടൊപ്പം വടക്കൻ ജില്ലകളിലെ വൈദ്യുതി പ്രശ്നങ്ങൾക്ക് സുസ്ഥിരമായ പരിഹാരങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിനായി കോലാറിൽ നിന്നും കോഴിക്കോട്ടേയ്ക്കുള്ള 400 കെ.വി. ലൈനിന്റെ നിർമ്മാണം ഏറ്റെടുക്കുന്നതിന് ഇന്ത്യാ ഗവൺമെന്റിനെയും പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയെയും പ്രേരിപ്പിക്കുന്നതിന് എല്ലാ ശ്രമങ്ങളും സർക്കാർ നടത്തുന്നതാണ്.

77. പരിശ്രമശാലികളായ പ്രവാസി കേരളീയർ സംസ്ഥാനത്തിനുചെയ്ത സംഭാവനകളെ എന്റെ സർക്കാർ അംഗീകരിക്കുന്നു. സംസ്ഥാനത്തിനു പുറത്തും വിദേശത്ത് അധിവസിക്കുന്ന അനേകം മലയാളികളുടെ ക്ഷേമത്തിനും സുസ്ഥിതിയ്ക്കും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2001 ഡിസംബറിൽ ന്യൂ ഡൽഹിയിലെ കേരള ഹൗസിൽ ഒരു നോർക്ക സെൽ സ്ഥാപിക്കുകയുണ്ടായി. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനുമായി സഹകരിച്ചുകൊണ്ട് പ്രവാസികൾക്കായി ഒരു പെൻഷൻ പദ്ധതി തുടങ്ങാൻ എന്റെ സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നുണ്ട്. പ്രവാസി കേരളീയകാര്യ വകുപ്പിന്റെ ഫീൽഡ് ഏജൻസിയെ അതിന്റെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിനും ക്രിയാത്മകമായ വിഭവവിനിയോഗത്തിനും നിക്ഷേപ പ്രോത്സാഹനത്തിനും ഒരു കോർപ്പറേഷനായി മാറ്റുന്നതിനുകൂടി ഉദ്ദേശിക്കുന്നു. കേരളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കുന്നതിൽ പ്രവാസി മലയാളികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക എന്ന കാഴ്ചപ്പാടോടുകൂടി പ്രായോഗികമായ വാണിജ്യ പദ്ധതികൾ രൂപപ്പെടുത്തുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യ സൃഷ്ടിക്കായി ഒരു നിധി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

78. സംസ്ഥാനത്തിന്റെ നിയമനിർമ്മാണ കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനായി പാർലമെന്ററികാര്യ വകുപ്പ് എന്ന ഒരു പുതിയ വകുപ്പ് സൃഷ്ടിക്കപ്പെട്ടു. സംസ്ഥാനത്ത് പാർലമെന്ററി സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നു. പാർലമെന്ററി സ്ഥാപനങ്ങളിന്മേലും പാർലമെന്ററി നടപടിക്രമങ്ങളിലും അംഗങ്ങൾക്ക് കൂടുതൽ സ്വാനുഭാവ സമ്പർക്കം ലഭിക്കുന്നതിന് നൂതനമായ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

79. ഇൻഡ്യാ ഗവൺമെന്റിന്റെ 2001-ലെ കരട് ശാസ്ത്രസാങ്കേതിക ശാസ്ത്ര നയം സാങ്കേതിക ശാസ്ത്ര വികസനം ബൗദ്ധിക സ്വത്ത് സൃഷ്ടിക്കുന്നതിലും സൃഷ്ടിന്മുഖത

പ്രോത്സാഹിപ്പിച്ച് ആശയങ്ങളുടെ കൈമാറ്റത്തിലും വ്യാപിപ്പിക്കലിലും സ്ഥാപനങ്ങൾക്കുള്ള പങ്കിലേക്ക് ശ്രദ്ധ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തുള്ള ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ പരിപാടികൾ പുതിയ നയങ്ങളുമായി സമന്വയി പ്പിക്കുന്നതിനും അവയുടെ സംഭാവന കേരളത്തിന്റെ ശാസ്ത്ര സാങ്കേതിക വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിനും "സ്റ്റെക്കിന്റെ" ഘടനയിലും പ്രവർത്തനത്തിലും ആവശ്യമായ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

80. മോട്ടോർ വാഹന വകുപ്പിൽ വിവരസാങ്കേതികവിദ്യ പ്രയോഗത്തിൽ വരുത്തുന്നതിന് ഒരു സമയബന്ധിത കർമ്മ പരിപാടി അംഗീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെയും കഴക്കൂട്ടം സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെയും ഹെഡ്ഓഫീസിന്റെയും ബാക്ക് എൻഡ് കമ്പ്യൂട്ടർ വൽക്കരണം 2002 ആദ്യ പകുതിയോടെ പൂർത്തിയാകുന്നതാണ്. കമ്പ്യൂട്ടറധിഷ്ഠിത ലൈസൻസ് ഡ്രൈവിംഗ് ടെസ്റ്റ് ആവിഷ്കരിക്കുന്നത് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത് പ്രാരംഭമായി തിരുവനന്തപുരം ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിൽ നടപ്പിലാകുന്നതുമാണ്. നികുതിയേതര വരുമാനത്തിന്റെ ചോർച്ച തടയുന്നതിനായി മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റുകൾ ഘട്ടം ഘട്ടമായി കമ്പ്യൂട്ടർവൽക്കരിച്ച് ആധുനികരിക്കുന്നതിനും എല്ലാ മോട്ടോർ വാഹന ചെക്ക്പോസ്റ്റുകളിലും വെയ് ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

81. കെ.എസ്.ആർ.ടി.സി. അതിന്റെ വാഹന സഞ്ചയത്തിൽ നിന്നും തേയ്മാനം വന്നതും പഴക്കം ചെന്നതുമായ ബസ്സുകൾ, പുതിയ 300 ബസ്സുകൾ ഇറക്കികൊണ്ട് മാറ്റാൻ ഉദ്ദേശിക്കുന്നു. ഓഫീസ് നടത്തിപ്പിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കെ.എസ.ആർ.ടി.സിയുടെ എല്ലാ ഡിപ്പോകളും നെറ്റ്‌വർക്കിനുള്ള ഏർപ്പാടോടുകൂടി കമ്പ്യൂട്ടർ വൽക്കരിക്കുന്ന

താണ്. ഈ സാമ്പത്തിക വർഷം തന്നെ ഇലക്ട്രോണിക് ടിക്കറ്റ് യന്ത്രങ്ങൾ നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

82. കൊങ്കൺ റെയിൽവേ കോർപ്പറേഷനുമായി സഹകരിച്ചുകൊണ്ട് 1000 കോടി രൂപയുടെ സ്കൈ ബസ്സ് മെട്രോ പദ്ധതി ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നു. സംസ്ഥാന ജലഗതാഗത വകുപ്പിന് അതിന്റെ വാർഷിക നഷ്ടം ഗണ്യമായി കുറക്കുന്നതിനുവേണ്ടി ഊർജ്ജക്ഷമതയുള്ള ഫൈബർ റീഇൻഫോഴ്സ്ഡ് പ്ളാസ്റ്റിക് ബോട്ടുകൾ നൽകുന്നതാണ്.

83. സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും നിലവിലുള്ള തസ്തികകളുടെ പുനർ വിന്യാസത്തിലൂടെ ഒരു സാംസ്കാരിക കാര്യ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. താളിയോല ഹസ്തലിഖിത ഗ്രന്ഥങ്ങളുടെ വലിയൊരു ശേഖരങ്ങളിലൊന്ന് പുരാരേഖ വകുപ്പിനുണ്ട്. ഈ അപൂർവ്വവും അമൂല്യവുമായ നിധിയുടെ സംരക്ഷണത്തിനും സംരണത്തിനും വേണ്ടി ഒരു സമഗ്ര പദ്ധതി ആന്തർദേശീയ ഏജൻസികളുടെ സഹായത്തോടെ നടപ്പിലാക്കുന്നതായിരിക്കും. ദേശീയ മ്യൂസിയം ഇൻസ്റ്റിറ്റ്യൂട്ടിന്റെയും വിദേശ സർവ്വകലാശാലകളുടെയും സഹായത്തോടെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിയോളജിയെ കലാചരിത്രത്തിന്റെയും കലാവസ്തു സംരക്ഷണത്തിന്റെയും മ്യൂസിയോളജിയുടെയും ഒരു സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നതായിരിക്കും.

84. 2001 ഒക്ടോബർ രണ്ടിന് ആരംഭിച്ച് 2002 ഒക്ടോബർ രണ്ടിന് അവസാനിക്കുന്ന കാലയളവിൽ ഗ്രാമവികസനത്തിന്റെ സുവർണ്ണജൂബിലിവർഷമായി ആചരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ കാലയളവിൽ സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (SGSY) യുടെ കീഴിലുള്ള സ്വയം തൊഴിൽ

പദ്ധതി പ്രകാരം 75,000 പേർക്ക് കൂടുതലായി സ്വയം തൊഴിൽ നൽകുന്നതാണ്. ഗ്രാമ പ്രദേശങ്ങളിൽ സ്വയം സഹായ ഗ്രൂപ്പുകൾ (SHGS ) വഴിയായി കൊപ്രാ സംസ്കരണത്തിനും ഭക്ഷ്യ വസ്തു സംസ്കരണത്തിനുമുള്ള പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു.

85. പുതുതായി തുടക്കം കുറിച്ചിട്ടുള്ള സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന (SGRY) തൊഴിൽ സൃഷ്ടിക്കലിലും ഭക്ഷ്യ സുരക്ഷിതത്വവും അടിസ്ഥാന സൗകര്യങ്ങളുടെ സൃഷ്ടിയും ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ കീഴിൽ ഗിരിജനങ്ങൾക്ക് തൊഴിലും ഭക്ഷ്യ സുരക്ഷിതത്വവും നൽകുന്നതിന് എന്റെ സർക്കാർ മുന്തിയ പരിഗണന നൽകുന്നതായിരിക്കും. ഈ പദ്ധതിയുടെ കീഴിൽ എക്കൽ മാറ്റുന്നതിനുള്ള പ്രത്യേക പദ്ധതികളും വെള്ളത്തിലുള്ള കളകളെ നീക്കം ചെയ്യുന്നതിനും കുളങ്ങളും ജലസ്രോതസ്സുകളും നവീകരിക്കുന്നതിനും പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

86. കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റ് മുതലായ പരിശീലന സ്ഥാപനങ്ങളിലേക്ക് ആർ.ഡി. നെറ്റ് വ്യാപിപ്പിക്കുന്നതിനും പുതിയ സാങ്കേതിക വിദ്യകൾക്കും മെച്ചപ്പെട്ട പരിശീലനങ്ങൾക്കും ഓൺലൈൻ സർവ്വീസുകൾക്കും വേണ്ടി ഇൻഫർമേഷൻ വിതരണ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു.

87. സംസ്ഥാനത്ത് സമാധാനപരവും സുരക്ഷിതവുമായ ഒരു അന്തരീക്ഷം നൽകുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഒഴികെ ക്രമസമാധാന നില മൊത്തത്തിൽ സമാധാനപരമായിരുന്നു എന്ന് പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഈ സംഭവങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുന്നതു ഉറപ്പുവരുത്തുവാൻ എന്റെ സർക്കാർ അടിയന്തിര നടപടികൾ

കൈക്കൊണ്ടു. സംസ്ഥാനത്തെ ക്രമസമാധാനം തടസ്സപ്പെടുത്തുന്ന ഏതൊരു ശ്രമത്തിനും എതിരായി ശക്തമായും പക്ഷഭേദം കൂടാതെയും പ്രവർത്തിക്കാൻ പോലീസ് സേനയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

88. ക്രമസമാധാനം നിലനിർത്തുന്നതിനും ജനങ്ങൾക്ക് സുരക്ഷിതത്വം നൽകുന്നതിനും സംസ്ഥാന പോലീസ് വഹിച്ച പങ്കിൽ എന്റെ സർക്കാരിന് ചാരിതാർത്ഥ്യമുണ്ട്. ഈ പങ്ക് കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് സംസ്ഥാന പോലീസ് സേനയെ ഏറ്റവും പുതിയ ആശയ വിനിമയ ഉപകരണങ്ങളും, വാഹനങ്ങളും, ആയുധങ്ങളും കൊണ്ട് സജ്ജമാക്കിക്കൊണ്ട് വളരെ വേഗം ആധുനികവൽക്കരിക്കുന്നതിന് എന്റെ സർക്കാർ നടപടിയെടുക്കുന്നതാണ്. പോലീസുകാരുടെ ക്ഷേമവും സർക്കാരിന്റെ ചിന്തയിൽ പരമോന്നതമായിട്ടുള്ളതാണ്. കൂടുതലായിട്ടുള്ള ഭവന നിർമ്മാണത്തിനും മറ്റ് ക്ഷേമ നടപടികൾക്കും മുന്തിയ പരിഗണന നല്കുന്നതായിരിക്കും. പോലീസിന്റെ ആധുനിക വൽക്കരണ പരിപാടികൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതി വിപുലീകരിക്കുകയും സത്വരം നടപ്പിലാക്കുന്നതുമാണ്. സംസ്ഥാന പോലീസിലെ സ്ത്രീകളുടെ അനുപാതം എത്രയും വേഗം 10% മായി ഉയർത്തുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

89. ജയിലുകൾ ആധുനികവൽക്കരിക്കുന്നതിൽ എന്റെ സർക്കാരിന്റെ മുന്തിയ ശ്രദ്ധ ലഭിക്കുന്നതാണ്. നിലവിലുള്ള ജയിലുകൾ ആധുനീകരിച്ച് അടിയന്തിരമായ വെല്ലുവിളികളെ നേരിടത്തക്കവണ്ണം ശേഷി വർദ്ധിപ്പിക്കുന്നതുമാണ്.

90. ദേശീയ തലത്തിലും, അന്തർദേശീയതലത്തിലുമുള്ള ഫോറൻസിക് സയൻസുമായി ബന്ധപ്പെട്ട തത്തുല്യമായ ശാസ്ത്ര സ്ഥാപനങ്ങളോടൊപ്പമായിരിക്കാൻ മെഡിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയെ ശക്തിപ്പെടുത്തുന്നതിന് ഫോറൻസിക് സയൻസ് മേഖലയിലെ സാങ്കേതിക വൈദഗ്ധ്യം പുതുക്കുന്നതിനും എന്റെ സർക്കാർ യത്നിക്കുന്നതാണ്.

91. പലതരത്തിൽപ്പെട്ട അത്യാഹിതങ്ങളിൽ അഗ്നിശമന സേനാനികൾ അനുഷ്ടിച്ചിട്ടുള്ള സേവനം എന്റെ സർക്കാർ അംഗീകരിക്കുന്നു. കഴിഞ്ഞ ദശകത്തിൽ തീരെ അവഗണിക്കപ്പെട്ടിരുന്ന അഗ്നിശമന സേനയുടെ ആധുനിക വൽക്കരണത്തിന് പ്രത്യേക ശ്രദ്ധ ലഭിക്കുന്നതാണ്. അഗ്നിശമന സേനയിലെ അംഗങ്ങളുടെ ജോലി ഭാരം യുക്തിസഹ മാക്കുന്നതിനുവേണ്ടി 1.1.2002 മുതൽ സംസ്ഥാന അഗ്നിശമന സേനയിൽ ഡെയ്‌ലി ഡ്യൂട്ടി ഷിഫ്റ്റ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. വിയ്യൂരിൽ പുതിയ ഫയർ സർവ്വീസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ ജോലി പുരോഗമിക്കുന്നുണ്ട്.

92. സംസ്ഥാനത്തെ ക്രിമിനൽ ജസ്റ്റിസ് അഡ്മിനി സ്ട്രേഷൻ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും എന്റെ സർക്കാർ എടുക്കുന്നുണ്ട്. 26 ഫാസ്റ്റ് ട്രാക്ക് കോടതികൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇവയിൽ 10 ഫാസ്റ്റ് ട്രാക്ക് കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും ശേഷിക്കുന്നവ ഉടൻ ആരംഭിക്കുന്നതുമാണ്.

93. കേരളം പലകാര്യത്തിലുമുള്ള അതിന്റെ നേതൃസ്ഥാനം വീണ്ടെടുക്കുന്നതിന് കഠിനാധ്വാനം ചെയ്യേണ്ടിയിരിക്കുന്നു എന്ന് ആവർത്തിച്ചു പറഞ്ഞുകൊണ്ട് ഞാൻ ഉപസംഹരിക്കട്ടെ. ആത്മപരിശോധനയിലൂടെയും പാളിച്ചകളെ വിമർശനാത്മകമായി വീക്ഷിച്ചു കൊണ്ടും സ്വയം കരുത്താർജ്ജിക്കേണ്ടിയിരിക്കുന്നു. നാം നമ്മുടെ ചിന്താഗതി അവശ്യം മാറ്റേണ്ടിയിരിക്കുന്നു. നമുക്ക് ശേഷിയുണ്ട്. നാം ആരുടെയും പിന്നിലുമല്ല. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്കു വേണ്ടി നമുക്ക് നമ്മെത്തന്നെ സമർപ്പിക്കേണ്ടതുണ്ട്, പൂർണ്ണ മനസ്സോടെയും അർപ്പണ ബോധത്തോടെയും.

94. ഐശ്വര്യമാർന്നതും സാമ്പത്തികമായി ചലനാത്മകവുമായ ഒരു കേരളമാണ് എന്റെ സർക്കാരിന്റെ ദർശനത്തിലുള്ളത്. വികസ്വര സമൂഹങ്ങൾക്ക് സാമൂഹിക

സഹവർത്തിത്വത്തിനും മാതൃകയായിട്ടുള്ള ജനാധിപത്യ അധികാരവികേന്ദ്രീകരണത്തിനും മാതൃകയായിട്ടുള്ള, പരമപ്രധാനമായി സാമ്പത്തിക വിജയത്തിലെത്താനുള്ള മത്സര ശേഷിയുടെയും മാതൃകയായിട്ടുള്ള ഒരു കേരളം. ആദ്യം പറഞ്ഞ രണ്ടു കാര്യങ്ങളിലും ശ്രദ്ധേയമായ പുരോഗതി നാം നേടിയെങ്കിലും സാമ്പത്തിക രംഗത്ത് നാം പുറകിലാണ്. ഈ അന്തരം നമുക്ക് നികത്തേണ്ടതുണ്ട്. എന്നാൽ ഇതിന് അചഞ്ചലമായ ഇച്ഛാശക്തിയും അങ്ങേയറ്റത്തെ അർപ്പണബോധവും ആവശ്യ മാണ്. അങ്ങനെയുള്ള ഒരു മാറ്റം സാക്ഷാത്കരിക്കുന്നതല്ല പ്രശ്നം. പക്ഷെ സമകാലിക നിലവാരത്തിലേക്ക് ശരിക്കും എത്തിച്ചേരുന്നതിനു മുമ്പ് നാം ചെയ്യേണ്ട യാത്രയുടെ ദൈർഘ്യമാണ് പ്രശ്നം.

95. ഇതാണ് നമ്മുടെ ദൗത്യം. അത് ഇന്നത്തെ നേതാക്കളായ നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഒരു വെല്ലുവിളിയുമാണ്. നിങ്ങൾക്കെല്ലാവർക്കും തന്നെ യഥാർത്ഥ നേതാക്കളായി ഉയരേണ്ടതും കഠിനങ്ങളായ തീരുമാനങ്ങളെ സുഗമമാക്കേണ്ടതുമുണ്ട്. ഇന്നത്തെ നേതാക്കന്മാർ വരും തലമുറയെ നിരാശപ്പെടുത്തില്ല എന്ന് എനിക്ക് ഉറപ്പുണ്ട്. മഹാകവി വള്ളത്തോൾ പാടി:

"മുന്നോട്ടുതന്നെ ഗമിക്കും വഴിയിലെ
മുള്ളുകളൊക്കെ ചവിട്ടി മെതിച്ചുനാം
പിന്നാലെ വന്നിടും പിഞ്ചുപദങ്ങൾക്ക്
വിന്യാസവേളയിൽ വേദന തോന്നൊല"

നൂതനവും ചലനാത്മകവും സമ്പൽ സമൃദ്ധവുമായ ഒരു കേരളത്തെ വരവേൽക്കാനുള്ള ഈ യാത്ര നമുക്ക് ഒരുമിച്ച് ആരംഭിക്കാം.

ജയ് ഹിന്ദ്.